# അക്കാദമിക് മാസ്റ്റർ പ്ലാൻ

ഗവൺമെന്റ് യു.പി. സ്കൂൾ രാമനാട്ടുകര 2025-26 അക്കാദമിക വർഷത്തിൽ പൂർത്തീകരിക്കേണ്ടുന്ന വാർഷിക പദ്ധതി. വിദ്യാലയ റിസോഴ്സ് ഗ്രൂപ്പ്, പ്രാദേശികമായി ലഭ്യമായ റിസോഴ്സ് പേഴ്സൺസ്, പി.ടി.എ / എസ്.എം.സി പ്രതിനിധികൾ എന്നിവർ കൂടിയിരുന്നാണ് വിദ്യാലയ അക്കാദമിക പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്.

അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപരേഖ ഹെഡ്മാസ്റ്റർ സ്റ്റാഫ് കൗൺസിൽ യോഗത്തിലും തുടർന്ന് പി.ടി.എ / എസ്.എം.സി നിർവാഹക സമിതി യോഗങ്ങളിലും അവതരിപ്പിക്കുകയുണ്ടായി. വിദ്യാലയത്തിലെ എൽ.പി, യു.പി വിഭാഗങ്ങളിലെ എസ്.ആർ.ജി കൺവീനർമാരുടെ നേതൃത്വത്തിലാണ് അക്കാദമിക പദ്ധതി രൂപീകരണ ശിൽപശാലകൾ വിദ്യാലയത്തിൽ സംഘടിപ്പിച്ചത്. പ്രീപ്രൈമറി മുതൽ യു.പി വരെ വിഭാഗങ്ങളുള്ള വിദ്യാലയത്തിൽ സ്റ്റേജ് തല അക്കാദമിക പദ്ധതിക്കാണ് രൂപം നൽകിയിരിക്കുന്നത്.



# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഇന്ന് കേരളക്കര നെഞ്ചേറ്റിയിരിക്കുകയാണ്. ശിശുസൗഹൃദവും ഫലപ്രദവുമായ വിദ്യാലയത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന താണ് നമ്മുടെ ലക്ഷ്യം. വിദ്യാലയങ്ങൾ പൊതുസമൂഹത്തിന്റെ വിശ്വാസം നേടിയെടുത്ത് നാടിന്റെ സാംസ്കാരിക കേന്ദ്രമാകേണ്ടത് അക്കാദമിക മികവ് ഉറപ്പാക്കിക്കൊണ്ടാവണം. അതല്ലെങ്കിൽ അക്കാദമിക മികവിലൂടെ മാത്രമേ ഫലപ്രദമായ വിദ്യാലയം എന്ന സ്വപ്നം നമുക്ക് സാക്ഷാതികരിക്കാൻ സാധിക്കുകയുള്ളൂ.

കേരളത്തിന്റെ വികസനക്കുതിപ്പിന് വേഗതയും കരുത്തും പകരേണ്ട ഊർജദായിനി യാണ് പൊതുവിദ്യാഭ്യാസ സമ്പ്രദായം. അവയെ കാലോചിതമായി വികസിപ്പിക്കുന്നതിനാ യാണ് സമഗ്ര വിദ്യാഭ്യാസ നവീകരണ മിഷൻ ആവിഷ്ക്കരിച്ചിരിക്കുന്നത്. സ്കൂളിലെത്തുന്ന ഓരോ കുട്ടിയുടെയും സവിശേഷതകളും പരിമിതികളും തിരിച്ചറിഞ്ഞ്, വേണ്ട ഇടപെടലുക ളിലൂടെ ഓരോരുത്തരുടെയും വ്യക്തിപരമായ മികവുകളും കഴിവും പരമാവധി പോഷിപ്പിക്കു കയാണ് ലക്ഷ്യം. സങ്കേതങ്ങളുടെയും സമ്പ്രദായങ്ങളുടെയും സമന്വയത്തിലൂടെ അടുത്ത തലമുറയെ സാമൂഹിക ബോധമുള്ള പൗരരും മെച്ചപ്പെട്ട മനുഷ്യരുമായി വാർത്തെടുക്കുന്ന തിനുള്ള ശ്രമമാണിത്.

1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും അതത് ക്ലാസിൽ കൈവരിക്കേണ്ട ശേഷികളും ധാരണകളും നേടി അന്തർദ്ദേശീയ തലത്തിലെ ഏതൊരു പഠിതാവുമായി മാറ്റുരക്കാൻ പ്രാപ്തിനേടുക എന്നതാണ് നാം ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം കൈവരിക്കാൻ ആവശ്യമായ ഭാതികവും അക്കാദമികവുമായ മുന്നേറ്റങ്ങൾ വരുന്ന അഞ്ച് വർഷത്തിനകം വിദ്യാലയത്തിൽ ഉറപ്പ് വരുത്തുക എന്നത് വിദ്യാലയ സമുഹത്തിന്റെ ഉത്തരവാദിത്തമാണ്.

വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും വിനിമയത്തിലും സംഘാടനത്തിലും കാലോചി തമായ മാറ്റങ്ങൾ അനിവാര്യമാണ്. പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേരുന്ന കുട്ടികൾക്ക് അവസര തുല്യത, സാമൂഹ്യനീതി എന്നിവ ഉൾച്ചേർന്നതുകൊണ്ടുള്ള ഗുണമേന്മയുള്ള വിദ്യാ ഭ്യാസം ഉറപ്പാക്കാൻ നമുക്ക് കഴിയേണ്ടതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി അതിബൃഹത്തായ പദ്ധതികളാണ് സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിക്കുന്നത്. ജനകീ യാസൂത്രണവും സമ്പൂർണ്ണ സാക്ഷരതായജ്ഞവും പോലെ സർക്കാരും പൊതുസമൂഹവും സന്നദ്ധസംഘടനകളും എല്ലാം ഒരൊറ്റ ലക്ഷ്യത്തിനു വേണ്ടി കൈകോർത്തുകൊണ്ട് ഭൗതിക സാഹചര്യങ്ങളും അക്കാദമിക സൗകര്യങ്ങളും മെച്ചപ്പെടുത്തി ഗുണമേന്മയുള്ള വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്ക് നൽകണമെന്ന ലക്ഷ്യം വച്ചുകൊണ്ടാണ് ബൃഹത്തായ ഈ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്.

കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗം നാളിതുവരെ ദർശിച്ചിട്ടില്ലാത്ത വിധത്തിലുള്ള മുന്നേറ്റത്തിനൊരുങ്ങുകയാണ്. പൊതുവിദ്യാലയങ്ങൾ സമൂഹത്തിന്റെ ഉയർന്ന പ്രതീക്ഷ ക്കൊത്ത് പ്രവർത്തിക്കുന്നതിനുള്ള ബൃഹത്തും സമഗ്രവുമായ ജനകീയ യജ്ഞമാണ് വിഭാ വനം ചെയ്യുന്നത്.

സ്വകാര്യ മേഖലയിലുള്ളതിനേക്കാൾ വളരെ മെച്ചപ്പെട്ട സൗകര്യങ്ങള് ഏർപ്പെടുത്തുക വഴി പൊതു വിദ്യാഭ്യാസ മേഖലയിലേക്ക് രക്ഷിതാക്കളെയും കുട്ടികളെയും തിരിച്ചുകൊണ്ടുവരിക എന്ന കർമ്മ പദ്ധതിയാണിത്. സർക്കാരിന്റെ, രക്ഷിതാക്കളുടെ, പൂർവ്വവിദ്യാർത്ഥികളുടെ, പൊതുസമൂഹത്തിന്റെയെല്ലാം സഹായ സഹകരണത്തോടെയാണ് പദ്ധതികൾ നടപ്പാക്കുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ പൊതുവിദ്യാലയങ്ങൾ നൽകിയ അമൂല്യമായ സംഭാവനകളെ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടു പോകുക എന്ന ലക്ഷ്യമാണ് നമുക്കുള്ളത്. നാം ആവിഷ്ക്കരിച്ചിട്ടുള്ള പ്രൊജക്ടുകളെല്ലാം നടപ്പിലാക്കിയാൽ ലോകനിലവാരമുള്ള വിദ്യാലയമായി നമ്മുടെ സ്കൂൾ മാറും.



# വിദ്യാലയ ചരിത്രത്തിലൂടെ...

മുത്തശ്ശി പ്ലാവിന്റെ ചോട്ടിലിരുന്നു നാം നമ്മുടെ ആത്മവിദ്യാലയത്തിന്റെ കഥ പറയുമ്പോൾ... രാമനാട്ടുകരക്കാർക്ക് ആദ്യാക്ഷരം പകർന്നു നൽകിയ പ്രിയപ്പെട്ട ബോർഡ് സ്കൂളിന്റെ ഇന്നലെകളിലേക്ക് സഞ്ചരിക്കുമ്പോൾ...

പ്ലാവ് കുലുങ്ങിച്ചിരിക്കുന്നത് പോലെ. ഇതിലേ കടന്നുപോയവരുടെ കഥകൾ ശേഖരിച്ച് എഴുതി എഴുതി എത്രയെത്ര പഴുത്തിലകൾ ഞാൻ താഴോട്ടിട്ടു... വായിച്ച് തീർക്കാൻ കഴിയുമോ നിങ്ങൾക്ക്? അവയൊക്കെ പകർത്തി വെക്കാൻ എത്ര പുസ്തകങ്ങൾ വേണ്ടിവരും? പ്ലാവ് ചോദിക്കുന്നത് പോലെ! ശരിയാണ് 1914ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലാരംഭിച്ച വെലിപ്രം ലോവർ പ്രൈമറി സ്കൂൾ ഇന്ന് സേവനത്തിന്റെ 111 വർഷങ്ങൾ പിന്നിട്ട് ആയിരങ്ങൾക്ക് അക്ഷരവെളിച്ചം പകർന്ന് പൂത്തുലഞ്ഞു നിൽക്കുകയാണ്. 1914-ൽ പെൺകുട്ടികളെ ഉദ്ദേശിച്ചാണ് സ്കൂൾ ആരംഭിച്ചത്. എന്നാൽ ആൺകുട്ടികൾക്കും പ്രവേശനം നൽകിയിരുന്നു. ആദ്യബാച്ചിൽ 57 കുട്ടികളാണ് ചേർന്നത്. ആദ്യത്തെ വിദ്യാർത്ഥി ജാനകിയമ്മ പി.എം. ആയിരുന്നു. ആദ്യം പ്രവേശനം നൽകിയ ആൺകുട്ടി രാവിണ്ണിക്കുട്ടി പുതിയവീട്ടിൽ ആയിരുന്നു.

കടുങ്ങോൻ ചിറ എന്നറിയപ്പെട്ടിരുന്ന പഴയ രാമനാട്ടുകരയിൽ കൊത്തമ്പാലി തെരുവിലെ മീമ്പാറയിൽ സ്കൂൾ... ബോർഡ് സ്കൂൾ... ആദ്യകാലത്തെ ഗുരുശ്രേഷ്ഠരുടെ പേരുകൾ നമുക്ക് ലഭ്യമല്ല... മുത്തശ്ശി പ്ലാവ് അന്നേ ഉണ്ടായിരുന്നത്രെ... അതിനു താഴെ ഒരു വീട്ടുകാരും... ഇപ്പോൾ നിലവിലുള്ള പഴയ ഓടിട്ട കെട്ടിടവും അതിനുമുന്നിൽ ഇപ്പോഴത്തെ ഗ്രൗണ്ടിൽ മറ്റൊരു കെട്ടിടവും... കുറച്ചുകാലം വാടക കെട്ടിടത്തിലും ചില ക്ലാസുകൾ പ്രവർത്തിച്ചിരുന്നു. സ്വാതന്ത്ര്യാനന്തരം 1957-ൽ സ്കൂൾ അപ്ഗ്രേഡ് ചെയ്യപ്പെട്ടു. യു.പി. വിഭാഗം കൂടി ആരംഭിച്ചതോടെ സെഷണൽ സമ്പ്രദായത്തിലായി പ്രവർത്തനം. ഷിഫ്റ്റ് സമ്പ്രദായത്തിലായിരുന്നെങ്കിലും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ പുലർത്തി വന്ന മികവ് നമ്മുടെ വിദ്യാലയത്തിന്റെ യശസ്സ് ഉയർത്തി. അർപ്പണബോധമുള്ള ഒരുപറ്റം ഗുരുശ്രേഷ്ഠർ എന്നും നമ്മുടെ സ്കൂളിന്റെ കരുത്തായിരുന്നു. ഒപ്പം നിൽക്കാൻ എന്തിനും തയ്യാറായ രക്ഷാകർതൃ സമിതിയും...

അക്കാലത്ത് മിസ്ട്രസ്സായ കോമളവല്ലി ടീച്ചറുടെ ശ്രമങ്ങൾ സ്കൂളിനുണ്ടാക്കിയ പുരോഗതി പഴയ തലമുറ എന്നും ഓർക്കാറുണ്ട്. ആശ്വാസകേന്ദ്രം സ്കൂളിന് ലഭിച്ചതും ചുറ്റുമതിലിന് തുടക്കമിട്ടതും ടീച്ചറുടെ കാലത്തായിരുന്നു... ബോർഡ് സ്കൂളിലെ വാർഷികങ്ങൾ നാടിന്റെ ഉത്സവമായിരുന്ന ഒരു കാലമുണ്ടായിരുന്നു.. രക്ഷിതാക്കളും കുട്ടികളും മാത്രമല്ല... നാട്ടുകാർ മുഴുകെ സ്കൂൾ ഗ്രൗണ്ടിലേക്ക് ഒഴുകിയെത്തിയ വാർഷികങ്ങൾ... കുട്ടികളുടെ കലാപരിപാടികൾക്ക് ശേഷം പാതിരാത്രിയിൽ അരങ്ങേറുന്ന അധ്യാപകരുടെ നാടകങ്ങൾ... ചാനലുകളും സിനിമകളും ഒന്നും സാർവത്രികമല്ലാതിരുന്ന ഒരു കാലത്ത് സ്കൂൾ വാർഷികങ്ങളുടെ പ്രസക്തി വലുതായിരുന്നു.

സ്കൂളിന്റെ ഭൗതിക പുരോഗതിക്ക് അടിത്തറയായത് ജനകീയാസൂത്രണ പദ്ധതിയാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി 1996ലും 1998ലും രണ്ട് കെട്ടിടങ്ങളിലായി 6 ക്ലാസ്മുറികൾ നമുക്ക് ലഭിച്ചു. 2005-ൽ മഞ്ചേരി പാർലമെന്റ് അംഗമായ ബഹു. ടി.കെ. ഹംസ

എം.പി.യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് പണിത നാല് ക്ലാസ്മുറികൾ സെഷണൽ സമ്പ്രദായം അവസാനിപ്പിക്കുന്നതിനെക്കുറിച്ചുള്ള ആലോചനകൾക്ക് ആക്കം കൂട്ടി... തൊണ്ണൂറാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ആരംഭിച്ച പ്രവർത്തനങ്ങൾ സ്കൂൾ വികസനത്തിന് പുതിയ ദിശാബോധം നൽകി. സ്കൂളിൽ ഒരു ഡിവിഷൻ ഇംഗ്ലീഷ് മീഡിയം ആരംഭിക്കുന്നതും, ഇന്ന് നമ്മുടെ അഭിമാനമായി മാറിയ പ്രീ പ്രൈമറി ആരംഭിക്കുന്നതും സ്കൂൾ ബസ് ഓടിത്തുടങ്ങുന്നതും തൊണ്ണൂറാം വാർഷിക കമ്മിറ്റി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ്.

2007-ൽ സ്കൂളിൽ സെഷണൽ സമ്പ്രദായം അവസാനിപ്പിച്ചുകൊണ്ട് നടത്തിയ പ്രഖ്യാപന സമ്മേളനം സ്കൂളിന്റെ ചരിത്രത്തിൽ മറ്റൊരു നാഴികക്കല്ലായി മാറി... അന്നത്തെ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ബഹു. എം.എ. ബേബിയും രണ്ട് സ്ഥലം ജനപ്രതിനിധിയും പൊതുമരാമത്ത് വകുപ്പ് മന്ത്രിയായ എളമരം കരീമും പരിപാടികളിൽ പങ്കെടുക്കുകയുണ്ടായി.

2010ൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾക്ക് ഒന്നാം ക്ലാസിൽ അഡ്മിഷൻ നൽകി യതിന്റെ ഫലമായി സ്കൂളിൽ ലഭിച്ച നേട്ടം 2010 അവാർഡ് സ്കൂളിന്റെ കെട്ടും മട്ടും മാറ്റുന്നതിന് വലിയ പങ്കുവഹിച്ചു. സമ്മാനത്തുക ചിലവഴിച്ചാണ് അടുക്കളയും, പ്രധാന സ്റ്റേജും, സ്കൂൾ ഗ്രൗണ്ടും, പ്രധാന ഗേറ്റും ഒരു ക്ലാസ്മുറിയും നിർമ്മിച്ചത്. 2014ൽ നടന്ന സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങൾ സ്കൂളിന്റെ യശസ്സ് ഉയർത്തി. ശതാബ്ദിയുടെ ഭാഗമായി നടന്ന 100 പരിപാടികൾ ശതാബ്ദി നിധി എന്നിവ എടുത്തു പറയേണ്ടതാണ്. ശതാബ്ദിയുടെ ഭാഗമായി പുറത്തിറങ്ങിയ 'വെള്ളത്തണ്ട്' മാഗസിൻ ഇന്നും ധാരാളം പേർ ആശ്രയിക്കുന്ന ഒരു രേഖപ്പെടുത്തലായി നിലനിൽക്കുന്നു.

2024-25 അധ്യയനവർഷം മികവുകളുടെ വർഷമായിരുന്നു. കിഫ്ബി ഫണ്ടിൽ 10 ക്ലാസ് മുറിയോടെ പുതിയ കെട്ടിടം പണി പൂർത്തിയായി. IEDC Classroom, Creative Corner, മികച്ച ലാബ് സൗകര്യം, പ്രൊജക്ടർ ക്ലാസ് എന്നിവയും സ്കൂളിന് മാറ്റ് കൂട്ടുന്നു.

2025-ൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ലഭിച്ച 3.5 കോടിയുടെ പദ്ധതി പൂർത്തിയായി. ഇന്ന് ഹരിതാഭമായ ഒരു ചെറിയ ക്യാമ്പസും, മനോഹരമായ കെട്ടിടങ്ങളും, ക്ലാസ് നിറയെ കുട്ടികളും, പ്രതിഭാധനരായ അധ്യാപകരും, ശക്തമായ പിടിഎയും, എം.പി.ടി.എ.യും എസ്.എം.സി.യും, പൂർവ്വ വിദ്യാർത്ഥി സംഘടനയും ഉള്ള ഈ വിദ്യാലയം ഇവിടംവരെ എത്തിച്ചത് ഈ നാടിന്റെ, നാട്ടുകാരുടെ നിർലോഭമായ സഹായ സഹകരണങ്ങൾ ഒന്നു കൊണ്ട് മാത്രമാണ്. പൂർവ്വസൂരികളായ നാട്ടുകാരെ, അധ്യാപക ശ്രേഷ്ടരെ, ശിഷ്യഗ ണങ്ങളെ നമുക്ക് നന്ദിയോടെ സ്മരിക്കാം...

2013-ൽ സ്കൂളിന് ലഭിച്ച ജില്ലയിലെ ഏറ്റവും നല്ല പി.ടി.എ.ക്കുള്ള അംഗീകാരം, സ്വച്ഛ് ഭാരത് പുരസ്കാരം, എൽ.എസ്.എസ്, യു.എസ്.എസ്. പരീക്ഷകളിൽ വർഷങ്ങളായി നേടിക്കൊണ്ടിരിക്കുന്ന വിജയം, സൗരോർജ പദ്ധതി എന്നിവക്കൊപ്പം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ പ്രഗൽഭരായ അധ്യാപകർ ക്ലാസ്മുറികളിൽ പരീക്ഷിച്ചു വിജയിച്ച ക്ലാസ്റൂം പ്രവർത്തനങ്ങളും, പ്രബന്ധങ്ങളും ട്രൈ ഔട്ട് ക്ലാസുകളുമായി അവതരിപ്പിച്ച നാലാം അധ്യാപക കോൺഗ്രസ് എന്നിവ എന്നും സ്മരിക്കപ്പെടും. ചോക്കുപൊടി എന്ന പേരിൽ നടത്തിയ പരിപാടിയിൽ സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ നിന്നായി 200-ൽപരം അധ്യാപകർ പങ്കെടുത്തു. ഡോ. അനിൽ ചേലേമ്പ്ര, ഡോ. സോമൻ കടലൂർ, ഡോ. വി.പി. പവിത്രൻ എന്നിവരുടെ പുതിയ കാലത്തെ അധ്യാപകൻ എന്ന വിഷയത്തെ അധികരിച്ചുള്ള സെഷനുകളും അടയാളപ്പെടുത്തപ്പെട്ടു. ഇനിയും നൂറ്റാണ്ടുകൾ നിലനിൽക്കേണ്ട ഒരു സ്ഥാപനം... എന്നും രാമനാട്ടുകരക്കാർ നെഞ്ചോട് ചേർത്ത് ബോർഡ് സ്കൂൾ എന്ന് വിളിക്കുന്ന സരസ്വതി നിലയം നാൾക്കുനാൾ വളർന്ന് വലുതാവുക തന്നെ ചെയ്യും...



# അക്കാദമിക തലം - അവലോകനം

- 2024-25 വർഷത്തെ ശാസ്ത്രമേളയിൽ സാമൂഹ്യശാസ്ത്ര വിഭാഗം ഓവറോൾ ചാമ്പ്യൻഷിപ്പ്. ഗണിതമേളയിൽ റണ്ണർ അപ്പ്. സയൻസ് മേളയിൽ ഓവറോൾ സെക്കൻഡ് എന്നീ മികവുകൾ രാമനാട്ടുകര ജി.യു.പി സ്കൂളിന് പൊൻതൂവലായി.
- 22 LSSഉം 36 USSഉം നേടി ഫറോക്ക് സബ്ജില്ലയിൽ ഏറ്റവും മികവാർന്ന പ്രകടനം കാഴ്ചവെയ്ക്കാൻ 2024-25 വർഷത്തിൽ ബോർഡ് സ്കൂളിനായി.
- സ്കൂൾ സോഷ്യൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ നടന്ന ദ്യുതി സഹവാസ ക്യാമ്പ്, രക്ഷിതാക്കൾക്കായി നടത്തിയ ഏകദിന ശിൽപശാലകൾ എല്ലാം അനുഭവക്കളരിയൊരുക്കിയ പഠനസാധ്യതകൾ ആയിരുന്നു.
- മലയാളം മീഡിയം കുട്ടികളിൽ ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്താനായി ഫറോക്ക് സബ്ജില്ലയിൽ നിന്നും English Language Enrichment Programmeന് Special ട്യൂട്ടറെ ഉൾപ്പെടെ ലഭിച്ചത്. ELEP Fest എന്നിവ എടുത്തുപറയത്തക്ക നേട്ടമായിരുന്നു.

വിദ്യാലയത്തിന്റെ ഭാഗമായി വിവിധ മേളകളേറ്റെടുത്ത് വിജയിപ്പിക്കുന്നതിൽ പൊതു സമൂഹത്തിന്റെ പിന്തുണ ഏറ്റവും വലിയ ഊർജ്ജസ്രോതസ്സാകുന്നു. വിദ്യാഭ്യാസം, കല, സാംസ്കാരികം, കായികം, ഭൗതികം എന്നിങ്ങനെ എല്ലാ മേഖലകളിലും സ്കൂളിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിൽ പിടിഎ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്.

## സ്കൂൾ പ്രൊഫോർമ I (Academic Year 2025-2026)

### വിദ്യാർത്ഥികളുടെ അംഗസംഖ്യ

### വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

| റവന്യൂ ജില്ലയുടെ പേര് : Kozhikode | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | G. U. P. S. Ramanattukara |
| 2 | വിലാസം | RAMANATTUKARA |
| 3 | ഫോൺ നമ്പർ | 04952441717 |
| 4 | ഇ-മെയിൽ വിലാസം | ramanattukara.gupschool@gmail.com |
| 5 | സ്കൂൾ കോഡ് | 17541 |
| 6 | ആൺകുട്ടികൾ/ പെൺകുട്ടികൾ/ രണ്ടുംകൂടിയുള്ളത് | രണ്ടുംകൂടിയുള്ളത് |
| 7 | സർക്കാർ/ എയിഡഡ്/അൺഎയിഡഡ് | Government |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ്) | ആരംഭം: 1 അവസാനം: 7 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര * | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Feroke |
| 11 | വിദ്യാഭ്യാസ ജില്ല | Kozhikode |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1914 |
| 13 | അസംബ്ലി നിയോജകമണ്ഡലം | Beypore |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | Kozhikode |
| 15 | റൂറൽ/അർബൻ | Rural |
| 16 | ബ്ലോക്ക് | |
| 17 | താലൂക്ക് | Kozhikode |
| 18 | പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | Ramanatukara |

* വകുപ്പിന്റെ പേര് - പൊതു വിദ്യാഭ്യാസ വകുപ്പ് , ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

(മറുപുറം )

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **6** | 17 | 19 | 36 | 43 | 49 | 92 | 0 | 0 | 0 | 0 | 0 | 0 | 60 | 68 | 128 |
| **7** | 21 | 13 | 34 | 44 | 53 | 97 | 0 | 0 | 0 | 0 | 0 | 0 | 65 | 66 | 131 |
| ആകെ | 112 | 89 | 201 | 304 | 319 | 623 | 0 | 0 | 0 | 0 | 0 | 0 | 416 | 408 | **824** |

ഭാഷാടിസ്ഥാനത്തിലുള്ള കട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | സംസ്കൃതം | | | അറബി | | | ഉറ്ദു | | | ഗുജറാത്തി | | | തമിഴ് | | | കന്നഡ | | | അഡി ഹിന്ദി | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ |
| **1** | 35 | 30 | 65 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **2** | 53 | 41 | 94 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **3** | 46 | 47 | 93 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **4** | 79 | 79 | 158 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **5** | 30 | 41 | 71 | 7 | 9 | 16 | 41 | 27 | 68 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **6** | 28 | 35 | 63 | 6 | 8 | 14 | 26 | 25 | 51 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **7** | 35 | 31 | 66 | 3 | 16 | 19 | 27 | 19 | 46 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 306 | 304 | 610 | 16 | 33 | 49 | 94 | 71 | 165 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

ADDITIONAL വിഷയങ്ങൾ പഠിക്കുന്ന കട്ടികളുടെ എണ്ണം

| STANDARD | ARABI | | | URDU | | | KONKINI | | |
|---|---|---|---|---|---|---|---|---|---|
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| 1 | 15 | 7 | 22 | 0 | 0 | 0 | 0 | 0 | 0 |
| 2 | 22 | 16 | 38 | 0 | 0 | 0 | 0 | 0 | 0 |
| 3 | 14 | 21 | 35 | 0 | 0 | 0 | 0 | 0 | 0 |
| 4 | 35 | 27 | 62 | 0 | 0 | 0 | 0 | 0 | 0 |
| TOTAL | 86 | 71 | 157 | 0 | 0 | 0 | 0 | 0 | 0 |

സ്ഥലം :

തീയതി :

ഹെഡ്മാസ്റ്ററുടെ ഒപ്പ്

| ആറാം അധ്യയനദിനം 10 ജൂൺ 2025 | | | | | | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വിദ്യാർത്ഥികളുടെ എണ്ണം | | | | | | | | | | | | | | | | | | | | | | | | | | | | | |
| STD | No of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലീം | | | *മറ്റ് ന്യൂനപക്ഷ സമുദായം | | | *ഒ . ബി .സി | | | മറ്റുള്ളവ | | | എ. പി. എൽ | | | ബി. പി. എൽ | | |
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 3 | 35 | 30 | 65 | 5 | 3 | 8 | 0 | 0 | 0 | 15 | 6 | 21 | 0 | 0 | 0 | 10 | 19 | 29 | 5 | 2 | 7 | 35 | 30 | 65 | 0 | 0 | 0 |
| 2 | 4 | 53 | 41 | 94 | 9 | 7 | 16 | 0 | 0 | 0 | 22 | 16 | 38 | 0 | 0 | 0 | 20 | 17 | 37 | 2 | 1 | 3 | 37 | 25 | 62 | 16 | 16 | 32 |
| 3 | 4 | 46 | 47 | 93 | 11 | 4 | 15 | 0 | 0 | 0 | 14 | 20 | 34 | 0 | 0 | 0 | 18 | 22 | 40 | 3 | 1 | 4 | 34 | 37 | 71 | 12 | 10 | 22 |
| 4 | 5 | 79 | 79 | 158 | 9 | 13 | 22 | 0 | 1 | 1 | 32 | 24 | 56 | 0 | 1 | 1 | 30 | 35 | 65 | 8 | 5 | 13 | 63 | 57 | 120 | 16 | 22 | 38 |
| 5 | 5 | 78 | 77 | 155 | 7 | 5 | 12 | 0 | 0 | 0 | 44 | 32 | 76 | 1 | 0 | 1 | 23 | 34 | 57 | 3 | 6 | 9 | 70 | 68 | 138 | 8 | 9 | 17 |
| 6 | 4 | 60 | 68 | 128 | 4 | 12 | 16 | 1 | 0 | 1 | 26 | 30 | 56 | 0 | 0 | 0 | 24 | 24 | 48 | 5 | 2 | 7 | 45 | 43 | 88 | 15 | 25 | 40 |
| 7 | 4 | 65 | 66 | 131 | 4 | 4 | 8 | 0 | 0 | 0 | 29 | 22 | 51 | 0 | 1 | 1 | 30 | 33 | 63 | 2 | 6 | 8 | 45 | 49 | 94 | 20 | 17 | 37 |
| ആകെ | | 416 | 408 | **824** | 49 | 48 | 97 | 1 | 1 | 2 | 182 | 150 | 332 | 1 | 2 | 3 | 155 | 184 | 339 | 28 | 23 | 51 | 329 | 309 | 638 | 87 | 99 | 186 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ്, സിക്ക്, ബുദ്ധിസ്റ്റ്, സൊരാഷ്ട്രിയൻസ് (പാഴ്സി )

| മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 8 | 9 | 17 | 27 | 21 | 48 | 0 | 0 | 0 | 0 | 0 | 0 | 35 | 30 | 65 |
| 2 | 10 | 7 | 17 | 43 | 34 | 77 | 0 | 0 | 0 | 0 | 0 | 0 | 53 | 41 | 94 |
| 3 | 11 | 6 | 17 | 35 | 41 | 76 | 0 | 0 | 0 | 0 | 0 | 0 | 46 | 47 | 93 |
| 4 | 19 | 16 | 35 | 60 | 63 | 123 | 0 | 0 | 0 | 0 | 0 | 0 | 79 | 79 | 158 |
| 5 | 26 | 19 | 45 | 52 | 58 | 110 | 0 | 0 | 0 | 0 | 0 | 0 | 78 | 77 | 155 |

# അക്കാദമിക പദ്ധതി - വിദ്യാലയ പരിപ്രേക്ഷ്യം

നമ്മുടെ സ്കൂളിലെത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം, തുല്യ അവസരങ്ങൾ പ്രധാനം ചെയ്യുന്നു എന്ന് ഉറപ്പാക്കുക എന്നതാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രഥമ ലക്ഷ്യം. മേൽ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള വൈവിധ്യങ്ങളായ പ്രവർത്തനങ്ങളാണ് വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ സ്കൂളിൽ നടപ്പിലാക്കുന്നത്. ഇതിനായി അക്കാദമിക് പ്രവർത്തനം, ക്ലാസ്റൂമിൽ വരേണ്ട മാറ്റം, ഭൗതിക സാഹചര്യം, പാഠ്യേതര പ്രവർത്തനങ്ങൾ, സാമൂഹ്യ ഇടപെടൽ തുടങ്ങി വിവിധ മേഖലകളായി തിരിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമിടുന്നത്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയിപ്പിക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കേണ്ടത് വിദ്യാലയ സമൂഹമാണ്. കുട്ടികളുമായി നേരിട്ട് സംവദിക്കുന്ന ക്ലാസ്സ് മുറികളിലാണ് പഠനനേട്ടങ്ങൾ ഉറപ്പാക്കാൻ സാധിക്കുക. അതിനായി മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലത്തിലേക്ക് എത്താൻ സഹായകമാവുന്ന പഠനാവസരം ലഭ്യമാക്കണം. സ്കൂളിനെ മികവിന്റെ ക്രേന്ദങ്ങളായി മാറ്റുകയും, പൊതുസമൂഹത്തിന്റെ വിശ്വാസവും അംഗീകാരവും നേടുകയും വേണം. ഭാഷാവിഷയങ്ങൾ, ശാസ്ത്രവിഷയങ്ങൾ ഗണിതം, ഐ.ടി തുടങ്ങിയ മേഖലകളിൽ ഔന്നത്യം പുലർത്താൻ ഓരോ കുട്ടിക്കും കഴിയണം. 1 മുതൽ 7 വരെ ഓരോ ക്ലാസ്സിലും കുട്ടി കൾക്ക് ലോകത്തെവിടെയുമുള്ള കുട്ടികളോട് അറിവിലും കഴിവിലും സംവദിക്കാനും ചേർന്ന് പ്രവർത്തിക്കാനും ആവശ്യമായ ധാരണകളും കഴിവുകളും നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ഒപ്പം മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിപ്പിക്കാനാവശ്യമായ മൂല്യബോധം ഉളവാകണം. മതനിരപേക്ഷ ജനാധിപത്യ വിദ്യാലയം എന്നതാണ് നമ്മുടെ കാഴ്ചപ്പാട്.

അന്വേഷണാത്മക പഠനത്തിൽ സ്കൂൾ റിസോഴ്സുകൾക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് അവയെ വിപുലപ്പെടുത്തുകയും ആധുനികവൽക്കരിക്കുകയും വേണം. ക്ലാസ് അന്തരീക്ഷം അക്കാദമിക ഉണർവ്വിന്റെ തെളിവുകളാൽ സമൃദ്ധമാക്കുകയും, കുട്ടികളുടെ പഠന തെളിവുകൾ, പോർട്ഫോളിയോകൾ, റഫറൻസ് ചാർട്ടുകൾ, പഠനോപകരണങ്ങൾ, പതിപ്പുകൾ, ടീച്ചർ വേർഷനുകൾ തുടങ്ങി എല്ലാ വിഷയങ്ങളുടെയും തയ്യാറെടുപ്പുകൾ, പഠനവുമായി ബന്ധപ്പെട്ട സാമഗ്രികൾ, അതിന് അധ്യാപകരെ പ്രാപ്തരാക്കും. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് സവിശേഷ പരിഗണന നൽകും. പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും വ്യക്തിഗത പഠനപദ്ധതി (ഐ.ഇ.പി) രൂപീകരിച്ച് പിന്തുണയും പ്രോത്സാഹനം നൽകും. ഓരോ കുട്ടിയുമായി ആത്മബന്ധം പുലർത്താനും അവരുടെ വ്യക്തിത്വം ഉൾക്കൊണ്ട് പരമാവധി വികാസത്തിലേക്ക് നയിക്കാനും, രക്ഷാകർതൃ സമൂഹത്തിന്റെ സഹായത്തോടെ സമൂഹത്തിലെ ഓരോ കുട്ടിയുടെയും പിന്നോക്കാവസ്ഥയിൽ ഇടപെടാനും, പരിഹരിക്കാനും കഴിയണം.

ഇത്തരത്തിൽ വിദ്യാലയത്തിൽ എൻറോള് ചെയ്യപ്പെട്ട മുഴുവൻ കുട്ടികൾക്കും പഠന നേട്ടം കൈവരിക്കൻ ഉതകുന്ന തരത്തിൽ, വ്യക്തി വ്യത്യാസം പരിഗണിക്കുമ്പോൾ തന്നെ അറിവിലും കഴിവിലും ഓരോ പഠിതാവും അവന്റെ/ അവളുടെ പരമാവധിയിലേക്ക് ഉയരാൻ സാധിക്കുന്ന വിധത്തിൽ സമഗ്രമായ അക്കാദമിക പദ്ധതിക്കാണ് ഇവിടെ രൂപം നൽകുന്നത്.

# അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യങ്ങൾ

- സ്കൂളിന്റെ ഈ വർഷത്തെ തനത് പ്രവർത്തനം 'സ്നേഹമരത്തണൽ' പദ്ധതിയാണ്. സ്കൂൾ ഹരിത ക്ലബ്ബ് വിത്തുപാകി മുളപ്പിച്ച 1500 തൈകൾ (പേര, ഇലഞ്ഞി, സീതപ്പഴം, നെല്ലി) എന്നിവ കുട്ടികൾക്ക് നൽകി അവ സമീപത്തെ വീട്ടിൽ നട്ടുവളർത്തി വളർച്ചാ ഘട്ടങ്ങൾ നിരീക്ഷണപുസ്തകത്തിൽ രേഖപ്പെടുത്തുന്നു.
- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും, പഠന പ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക.
- വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഒന്നു മുതൽ ഏഴു വരെ ഓരോ ക്ലാസിലും നേടേണ്ട ശേഷികളും, ധാരണകളും ആർജിച്ചു കൊണ്ട് അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായി കുട്ടിയുടെ അറിവും കഴിവും വൈവിധ്യവു ക്രമേണ വർദ്ധിപ്പിക്കുക.
- ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങളെ കലാ-കായിക-പ്രവർത്തി പരിചയ പഠന പ്രവർത്തനങ്ങളുമായി യോജിപ്പിച്ചുകൊണ്ട് സർഗ്ഗപരമായ കഴിവുകൾ വികസിക്കാൻ ആവശ്യമായ സംവിധാനങ്ങൾ, ശിൽപശാലകൾ സംഘടിപ്പിക്കുന്നു.
- കുട്ടികളുടെ നിലവാരത്തിനും ക്ലാസിനും ഉതകുന്ന തരത്തിൽ എല്ലാ ക്ലാസ് മുറികളെയും ഹൈടെക്ക് നിലവാരത്തിലേക്ക് ഉയർത്തുക.
- പഠന പിന്തുണ സംവിധാനങ്ങൾ ആയ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ, ചരിത്ര മ്യൂസിയം എന്നിവ നവീകരിച്ച് എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുക.
- സുസ്ഥിര കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളി ഉപകരണങ്ങൾ, ഉദ്യാനം, മൈതാനം...) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപന ചെയ്യുക - വിദ്യാർത്ഥികൾക്കും സമൂഹത്തിനും ഉപകാരപ്രദമാക്കുക.
- ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ അധ്യാപകർ അറിവുകൾ നിരന്തരം പുനർനിർമ്മിക്കുകയും പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുക.
- പാർശ്വവൽക്കരിക്കപ്പെട്ടതും, പ്രത്യേക പരിഗണന അർഹിക്കുന്നതും ആയ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകുകയും ഇതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുക.
- ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികസനം (ശിൽപശാലകൾ, വിദഗ്ധ ക്ലാസുകൾ, പഠനയാത്രകൾ...) സാധ്യമാക്കുന്ന വിധത്തിൽ വിദ്യാലയത്തെ സജ്ജീകരിക്കുന്നു.
- ഹരിത വിദ്യാലയത്തിന് ആവശ്യമായ ആസൂത്രണങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിദ്യാലയത്തെ 'സീറോ വേസ്റ്റ്' വിദ്യാലയം എന്ന ലക്ഷ്യത്തിലെത്തുക.
- കുട്ടികളുടെ വൈകാരികവും ആരോഗ്യകരവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകുക.

## അക്കാദമിക മാസ്റ്റർ പ്ലാൻ - സ്റ്റേജുകൾ

- പ്രീപ്രൈമറി
- ഒന്ന്, രണ്ട് ക്ലാസുകൾ
- നാലാം ക്ലാസ്
- യു.പി. വിഭാഗം

## അക്കാദമിക മാസ്റ്റർ പ്ലാൻ - മേഖലകൾ

- സ്കൂൾ വിഭവങ്ങൾ അഥവാ സ്കൂൾ റിസോഴ്സസ്
- സ്കൂൾ സംഘടനാ സംവിധാനങ്ങൾ അഥവാ സ്കൂൾ സ്ട്രക്ചേഴ്സ്.
- വിഷയസംബന്ധമായ പ്രവർത്തന പരിപാടികൾ.
- അക്കാദമിക പിന്തുണ വർധിപ്പിക്കാനുള്ള പദ്ധതികൾ.

**സമഗ്ര അക്കാദമികപദ്ധതിയെ കുറിച്ച് ആലോചിക്കുമ്പോൾ അതിൽ,**

- സ്കൂൾ വിഭവങ്ങൾ അഥവാ റിസോഴ്സസ്
- സ്കൂൾ സംഘടനാ സംവിധാനങ്ങള് അഥവാ സ്ട്രക്ചേഴ്സ്
- വിഷയസംബന്ധമായ പ്രവർത്തന പരിപാടികൾ
- അക്കാദമിക നിലവാരത്തിന് അനിവാര്യമായ പിന്തുണാസംവിധാനങ്ങളുടെ ശാക്തീകരണം എന്നീ ഘടകങ്ങൾ ഉണ്ടായിരിക്കണം.

## സ്കൂൾ വിഭവങ്ങൾ അഥവാ റിസോഴ്സസ്

കുട്ടികളുടെ പഠനത്തിനായി വിദ്യാലയത്തിൽ ഉണ്ടായിരിക്കേണ്ട അനിവാര്യ ഘടകങ്ങളാണ് സ്കൂൾ റിസോഴ്സസ് എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ലൈബ്രറി, ക്ലാസ് ലൈബ്രറി, ഡിജിറ്റൽ ലൈബ്രറി**

കുട്ടികൾക്കാവശ്യമുള്ള പുസ്തകങ്ങളൊക്കെ ലഭ്യമാക്കിക്കൊണ്ട് സജ്ജീകരിച്ച മികച്ച ലൈബ്രറി, കാറ്റ് ലോഗിങ്ങ്, ലൈബ്രേറിയൻ പരിശീലനം, ബൈന്റിങ്ങ് പരിശീലനം, അമ്മമാരുടെ നേതൃത്യത്തിൽ വായനാകാർഡ് ശില്പശാലകൾ, പിറന്നാൾ പുസ്തക സ്വരുപീകരണം, എന്റെ വിദ്യാലയത്തിലേക്ക് എന്റെ പുസ്തകം പദ്ധതി, വായനാപരിപോഷണ പരിപാടികൾ, വായനാക്കൂട്ടങ്ങളുടെ രൂപീകരണം, അമ്മവായനാ പദ്ധതി എന്നിവയൊക്കെ ലൈബ്രറിയുടെ പദ്ധതികളായി ഉൾപ്പെടുത്തും.

**ജൈവ ലൈബ്രറി**

ഗവ. യു.പി. സ്കൂൾ രാമനാട്ടുകര വിദ്യാലയ പരിസരത്ത് നിലവിലുള്ള സസ്യ, ജന്തു വൈവിധ്യത്തെ അന്വേഷണ, നിരീക്ഷണ പ്രൊജക്ടിലൂടെ കണ്ടെത്തുകയും പട്ടികപ്പെടുത്തുകയും ചെയ്യുന്നു. വരുന്ന രണ്ട് വർഷം കൊണ്ട് സസ്യ ജന്തു വൈവിധ്യം വർധിപ്പിക്കാനാവശ്യമായ പ്രവർത്തനപദ്ധതികൾക്ക് രൂപം നൽകൽ

സസ്യ വൈവിധ്യം വർധിപ്പിക്കുന്നതിന്റെ ഭാഗമായി പൂന്തോട്ടം, ഔഷധസസ്യ പാർക്ക്, ശല ഭോദ്യാനം, ജൈവപ്പന്തൽ, ജൈവപച്ചക്കറി കൃഷി എന്നിവ ഉറപ്പു വരുത്തൽ, ജന്തുവൈ വിധ്യം ഉറപ്പുവരുത്താനാവശ്യമായ ഇടപെടലുകൾ നടത്തൽ.

**ശാസ്ത്രലാബ്**

സുസജ്ജമായ ശാസ്ത്രലാബ് ഫലപ്രദമായ വിദ്യാലയത്തിന്റെ ഗുണനിലവാര സൂചിക യാണ്. പാഠ്യപദ്ധതിയുടെ ഭാഗമായി നിർദ്ദേശിച്ച മുഴുവൻ പരീക്ഷണങ്ങളും ചെയ്യാനാ വശ്യമായ ലാബ് വിദ്യാലയത്തിൽ ആവശ്യമാണ്.

എൽ.പി, യുപി. വിഭാഗങ്ങളിലെ ശാസ്രതപരീക്ഷണങ്ങള് ലിസ്റ്റ് ചെയ്യുകയും അതിനാ വശ്യമായ പരീക്ഷണസാമഗ്രികള് കണ്ടെത്തിൽ ശാസ്ത്രലാബിൽ സൂക്ഷിക്കുകയും വേണം

**കമ്പ്യൂട്ടർ ലാബ്**

ഐടി പഠനത്തിനാവശ്യമായ കമ്പ്യൂട്ടറുകൾ വിദ്യാലയത്തിൽ ലഭ്യമാക്കുക. ബാക്ക്അപ് സംവിധാനം. കമ്പ്യൂട്ടർ ക്ലിനിക്ക് സംവിധാനം എന്നിവ വിദ്യാലയത്തിൽ ഉറപ്പുവരുത്തുക എന്നതാണ് ഉദ്ദേശിക്കുന്നത്.

**കമ്പ്യൂട്ടർ സഹായകപഠനത്തിന് മൾട്ടി മീഡിയ സംവിധാനം**

കമ്പ്യൂട്ടർ എയ്ഡഡ് ലേണിങ്ങ് ആണ് എല്ലാ ക്ലാസ്മുറിയിലും ഉണ്ടാകേണ്ടത്. ഇതിനുത കുന്ന തരത്തിൽ സുസജ്ജമായ മുന്ന് മൾട്ടിമീഡിയ റൂമുകൾ (എൽപി, യുപി വിഭാഗം) എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അമ്മമാർക്കുള്ള കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി ലോങ്ങ്ടേമിൽ വിദ്യാലയം ഏറ്റെടുക്കും.

**ടാലന്റ് ലാബ്**

കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകൾ കണ്ടെത്തി പരിശീലനം നൽകി വികസിപ്പി ക്കുക എന്നതാണ് ടാലന്റ് ലാബ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി അധ്യാപ കർക്ക് പ്രത്യേകം പരിശീലനം ലഭ്യമാക്കൽ, വിദഗ്ധരായ വ്യക്തികളെ നിയമിക്കൽ എന്നിവ ഈ പദ്ധതിയുടെ ഭാഗമായി നടക്കണം.

**മ്യൂസിയം**

പ്രാദേശികമായി ലഭ്യമായ പുരാവസ്തുക്കൾ ശേഖരിച്ച് വെച്ച് നിരീക്ഷിച്ച് പഠിക്കാനുള്ള അവസരം വിദ്യാലയത്തിൽ ഒരുക്കുക എന്നതാണ് മ്യൂസിയം, ഗ്യാലറി എന്നിവ കൊണ്ട് ഉദ്ദേശിക്കുന്നത്.

**സ്കൂൾ റേഡിയോ സ്റ്റേഷൻ**

സ്കൂൾ വിഭവത്തിലെ മറ്റൊരു പ്രധാന ഘടകമാണ് വിദ്യാലയ റേഡിയോ സംവിധാനം എന്നത്. കുട്ടികൾ തന്നെ വാർത്തകൾ കണ്ടെത്തി, എഴുതിത്തയ്യാറാക്കി റേഡിയോയിലൂടെ അവതരിപ്പിക്കുന്നതിലൂടെ ഭാഷാശേഷി വർധിക്കുന്നു. കൂടാതെ നല്ലവായന. മറ്റ് വ്യവഹാരരൂപങ്ങളുടെ മാതൃകാ അവതരണം എന്നിവ ഇതിലൂടെ നടത്താവുന്നതാണ്.

## സ്കൂൾ സംഘടനാ സംവിധാനങ്ങൾ അഥവാ സ്ട്രക്ചേഴ്സ്

സ്കൂൾ സംഘടനാസംവിധാനങ്ങൾ പഠനത്തിന് അനുപൂരകമായി വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവയാണ്. വിദ്യാലയ അസംബ്ലി മുതൽ വിവിധങ്ങളായ ക്ലബ്ബ് പ്രവർത്തനങ്ങൾ വരെ ഇത്തരത്തിൽ പഠനത്തിന് സഹായകമാകുന്ന ഇടങ്ങളായി മാറണം.

### വിദ്യാലയ അസംബ്ലി

വിദ്യാലയ അസംബ്ലികൾ കുട്ടികളുടെ ആത്മപ്രകാശനത്തിനുള്ള വേദികളാകണം. കുട്ടികൾക്ക് വിവിധ വിഷയങ്ങളിലുള്ള പ്രകടനങ്ങൾക്ക് അവസരം നൽകുക എന്നത് ഇവിടെ പ്രധാനമാണ്. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലിയും ഹിന്ദി അസംബ്ലിയും സംഘടിപ്പിക്കാനാണ് വിദ്യാലയം ആലോചിക്കുന്നത്. ഓൾ ആർ ലീഡേഴ്സ് പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാലയത്തിലെ പരമാവധി കുട്ടികൾക്ക് അസംബ്ലി നിയന്ത്രിക്കാനുള്ള അവസരം നൽകും. മാതൃകാ അസംബ്ലികൾ സംഘടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ എൽപി, യുപി വിഭാഗങ്ങൾക്ക് പ്രത്യേകം അസംബ്ലികൾ സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

### സ്കൂൾ പാർലമെന്റ്

വിദ്യാലയ പാർലമെന്റ് ശാക്തീകരിക്കുന്നതിലൂടെ കുട്ടികളുടെ അച്ചടക്കവും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ സാധിക്കും. കുട്ടികളുടെ അവകാശങ്ങൾ ഉത്തരവാദിത്തങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സെമിനാർ, ഡിബേറ്റ് സെഷനുകളിലൂടെ അനിവാര്യമായ ആശയരൂപീകരണം നടത്തുക എന്നതാണ് ലക്ഷ്യമിടുന്നത്. വിദ്യാലയ വികസനലക്ഷ്യങ്ങൾ നിർണയിക്കാനും പ്രയോഗത്തിൽ വരുത്താനും വിദ്യാലയ പാർലമെന്റിനെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മേലയിലെ പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നത്.

### വിദ്യാലയ ക്ലബ്ബുകൾ

കുട്ടികളുടെ പഠനത്തിന് സഹായകമായ, പഠനനേട്ടങ്ങൾ ഉറപ്പിക്കാനാവശ്യമായ വിവിധങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും ഏറ്റെടുത്തു നടപ്പാക്കാനും വിദ്യാലയ ക്ലബ്ബുകൾക്ക് സാധിക്കും. വിദ്യാരംഗം കലാസാഹിത്യവേദി, ഇക്കോക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ക്ലബ്ബുകൾക്കെല്ലാം ഈ ലക്ഷ്യം നേടുന്നതിൽ നിർണായകമായ പങ്കുവഹിക്കാനുണ്ട്. വിദ്യാലയത്തിലെ മുഴുവൻ ക്ലബ്ബുകളുടെയും ചുമതല വഹിക്കുന്ന അധ്യാപകർ, ക്ലബ്ബ് കൺവീനർമാരായിട്ടുള്ള കുട്ടികൾ എന്നിവർ ഒന്നിച്ചിരുന്ന് അക്കാദമിക വർഷം ആരംഭത്തിൽ തന്നെ വിദ്യാലയ കലണ്ടർ രൂപീകരണ പ്രക്രിയയിൽ പങ്കാളികളാകണം.

### വിഷയ സംബന്ധമായ പ്രവർത്തന പരിപാടികൾ

വിവിധ വിഷയങ്ങളിലെ കുട്ടികളുടെ മുന്നറിവ്, അറിവ്, കഴിവ് എന്നിവ വ്യത്യസ്തമായിരിക്കും. അതുകൊണ്ടു തന്നെ ഓരോ വിഷയത്തിന്റെയും പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിനായി നൂതനവും വൈവിധ്യവും വിദ്യാർത്ഥി സൗഹൃദവുമായ അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടത് അത്യാവശ്യമാണ്. പ്രീപ്രൈമറി, ഇന്റഗ്രേഷൻ,

നാലാംക്ലാസ്, യുപി വിഭാഗം, എന്നീ നാല് മേഖലകളിലായി പഠനനേട്ടങ്ങൾ ഉറപ്പിക്കുന്നതിനാവശ്യമായി വിവിധങ്ങളായ പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു.

**പ്രീപ്രൈമറി**

- ❖ കളിപ്പാട്ടം - പ്രവർത്തനപുസ്തകം
- ❖ ശലഭോത്സവം അക്കാദമിക ഫെസ്റ്റ്
- ❖ കുട്ടിക്കൂട്ടം - പ്രീപ്രൈമറി ക്യാമ്പ്
- ❖ പഠനകളിയുപകരണക്കിറ്റുകൾ
- ❖ അമ്മ ടീച്ചർ പദ്ധതി

**ഒന്ന്, രണ്ട് ക്ലാസുകൾ**

- ❖ അടിസ്ഥാനഭാഷാശേഷി പ്രവർത്തനങ്ങൾ
- ❖ വർക്ക്ഷീറ്റുകൾ
- ❖ അവധിക്കാല പ്രവർത്തന പാക്കേജുകൾ
- ❖ കുട്ടിക്കൂട്ടം ക്യാമ്പുകള്
- ❖ പഠനോപകരണ ശില്പശാലകൾ
- ❖ പഠനയാത്രകൾ
- ❖ കുട്ടികളുടെ പബ്ലിക്കേഷനുകൾ
- ❖ സ്വീറ്റ് ഇംഗ്ലീഷ് പദ്ധതി
- ❖ ക്ലാസ്തല ബാലസഭകൾ
- ❖ മാതൃകാ ക്ലാസ് പിടിഎ
- ❖ ഐസിടി - പഠനപദ്ധതി
- ❖ മാതൃകാ ക്ലാസ് ലൈബ്രറി

**അടിസ്ഥാന ഗണിതശേഷി പ്രവർത്തനങ്ങൾ**

- ❖ വർക്ക്ഷീറ്റുകൾ
- ❖ പഠനോപകരണക്കിറ്റുകൾ
- ❖ ഐസിടി - ഇന്ററാക്ടീവ് പഠനപരിപാടി

**മൂന്ന്, നാല് ക്ലാസുകൾ**

- ❖ വിഷയസംബന്ധ വർക്ക്ഷീറ്റുകൾ
- ❖ ഇംഗ്ലീഷ് എൻറിച്ച്മെന്റ് പ്രോഗ്രാം
- ❖ ക്ലാസ് തലക്യാമ്പുകൾ
- ❖ ശാസ്ത്ര പരീക്ഷണക്കളരികൾ
- ❖ ഈസി മാത്സ് - ഗണിത പഠനപദ്ധതി
- ❖ ഒപ്പം - ഐസിടി - ഭാഷാ, ഗണിത പഠനപദ്ധതി
- ❖ പഠന പിന്നോക്കാവസ്ഥ - ആക്ഷന് റിസർച്ച്
- ❖ വിജ്ഞാനച്ചെപ്പ് - പൊതുവിജ്ഞാന പരിപാടി
- ❖ ദിനാചരണങ്ങൾ -- പ്രവർത്തനകലണ്ടറുകൾ

- ❖ എൽ.എസ്.എസ് പൊതുപരീക്ഷാ പരിശീലനം
- ❖ ശുചിത്വം - തുടരേണ്ട നന്മ - സമഗ്രശുചിത്വ പദ്ധതി
- ❖ മെട്രിക്ക് ക്യാമ്പ്
- ❖ ജൈവ ലൈബ്രറി
- ❖ ഭാഷാപഠനം - സ്കൂൾ റേഡിയോ പദ്ധതി
- ❖ ക്ലബ്ബ് ശാക്തീകരണ പരിപാടികൾ

**യുപി വിഭാഗം**

- ❖ യു.എസ്.എസ് പൊതു പരീക്ഷാപരിശീലനം
- ❖ ടാലന്റ് ലാബ്
- ❖ ഭാഷാ പഠനത്തിന് തിയേറ്റർ പരിശീലനം
- ❖ ഹിന്ദി മഞ്ച്
- ❖ ഒപ്പം - പിന്നോക്കക്കാർക്കുള്ള ഭാഷാശേഷീ വികസന പദ്ധതി
- ❖ കുട്ടികളുടെ റേഡിയോ
- ❖ സർഗ്ഗോത്സവം - വായനാ, രചനാ ക്യാമ്പുകൾ
- ❖ വായനാവസന്തം - വായനക്കൊരു സമഗ്ര പദ്ധതി
- ❖ പഠനയാത്ര
- ❖ കാലിക വിഷയങ്ങളോട് പ്രതികരിക്കാൻ വിദ്യാലയ കലാട്രൂപ്പ്
- ❖ പ്രാദേശിക ചരിത്രരചന
- ❖ സെമിനാർ, സിമ്പോസിയം, ഡിബേറ്റ് - സ്കൂൾ പാർലമെന്റ് ശാക്തീകരണ പരിപാടി

## ശാസ്ത്ര ഗണിതശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട നിർദേശങ്ങൾ

**ശാസ്ത്രം**

- ❖ സ്കൂൾതല ബാലശാസ്ത്ര കോൺഗ്രസ് സംഘടിപ്പിക്കൽ
- ❖ സ്കൂൾതല ശാസ്ത്ര പരീക്ഷണക്കളരി
- ❖ സയൻസ് ക്ലബ്ബ്, ഇക്കോക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് എന്നിവയുടെ നേതൃത്വത്തിൽ ശാസ്ത്രദിനാചരണങ്ങൾക്ക് പ്രത്യേക പ്രവർത്തന കലണ്ടർ, ഡയറി എന്നിവ തയ്യാറാക്കൽ
- ❖ സഞ്ചരിക്കുന്ന ശാസ്ത്ര മാസികക്ക് തുടക്കമിടൽ
- ❖ ജൈവവൈവിധ്യ ലൈബ്രറി ശാസ്ത്രപഠനത്തിന് അനുഗുണമായി വളർത്തൽ
- ❖ ശാസ്ത്രലാബ് ശാക്തീകരിക്കൽ

**ഗണിതശാസ്ത്രം**

- ❖ അടിസ്ഥാന ഗണിതശേഷി ഉറപ്പാക്കുന്ന ബ്രിഡ്ജ് മെറ്റീരിയൽ തയ്യാറാക്കൽ
- ❖ പ്രൈമറി ക്ലാസിൽ ഗണിത വർക് ഷീറ്റുകൾ തയ്യാറാക്കൽ
- ❖ മ്രെടിക്ക് ക്യാമ്പുകൾ
- ❖ പ്രതിവാര ഗണിതക്വിസുകൾ
- ❖ ഗണിതലാബ് സജ്ജമാക്കൽ
- ❖ പ്രൈമറി ക്ലാസുകളിലേക്ക് ഗണിതക്കിറ്റുകൾ രൂപീകരിക്കൽ

- ഗണിതം - പഠനോകരണ ശില്പശാല

**കലാകായിക പ്രവൃത്തി പരിചയം**

- ടാലന്റ് ലാബുകൾ സ്ഥാപിക്കൽ
- ഏൺ ലേൺ യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കൽ (ടൈലറിംഗ്)
- കുട്ടികൾക്കുള്ള വിവിധ പരിശീലനങ്ങൾ
- കായികക്ഷമത വർധിപ്പിക്കാനുള്ള പ്രത്യേക പരിപാടികൾ
- പോഷകാഹാര നിർമ്മാണം - അമ്മമാർക്കുള്ള പ്രായോഗിക പരിശീലനം
- പോഷകാഹാരം കുട്ടികൾക്കുള്ള പരിശീലന ക്ലാസുകൾ
- നിരന്തര വിലയിരുത്തൽ - ക്ലാസ്തല മാതൃക രൂപീകരിക്കൽ
- റിസർച്ച് സ്റ്റഡി

## അക്കാദമിക പിന്തുണ വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ

- രക്ഷിതാക്കൾക്കുള്ള മൂന്ന് ഘട്ട പരിശീലനം
- അച്ഛനാണ് മാതൃക - അച്ഛന്മാർക്കുള്ള പ്രത്യേക പരിശീലന പരിപാടി
- അമ്മ വായന പദ്ധതി
- രക്ഷിതാക്കൾക്ക് കൈപ്പുസ്തകം
- പോഷകാഹാര നിർമാണം - അമ്മമാർക്കുള്ള പ്രായോഗിക പരിശീലനം



**ഗവ. ജി.യു.പി.എസ്. രാമനാട്ടുകര 2025-2026 വർഷത്തിൽ അക്കാദമിക നിലവാരം ഉയർത്തുവാനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ**

**ക്യാമ്പുകൾ, ശില്പശാലകൾ**

**പ്രീപ്രൈമറി**

- പ്രീപ്രൈമറി പ്രവർത്തന പുസ്തകം
- ശലഭോത്സവം - അക്കാദമിക മികവിന്റെ പ്രകടനവേദിയായി
- പ്രീപ്രൈമറി ഫെസ്റ്റ്

**ഒന്നാം തരം**

- ഒന്നാം തരത്തിലേക്ക് വർക്ക് ബുക്ക്, അവധിക്കാല പ്രവർത്തന പാക്കേജ്

**മൂന്ന്, നാല് ക്ലാസുകൾ, യുപി വിഭാഗം**

- ഇംഗ്ലീഷ് എൻറിച്ച്മെന്റ് പ്രോഗ്രാം (ഇംഗ്ലീഷ് അസംബ്ലി, പ്രതിവാര സ്പീച്ച് പ്രോഗ്രാം, ഡിക്ഷണറി പ്രോഗ്രാം, തിയേറ്റർ ക്യാമ്പുകൾ, ഫിലിം അപ്രിസിയേഷന് ക്യാമ്പുകൾ, വായനാക്കൂട്ടങ്ങൾ)
- ഗണിതം - പഠനോകരണ ശില്പശാല, അടിസ്ഥാനശേഷി ഉറപ്പിക്കാൻ
- പ്രത്യേക പരിശീലനങ്ങൾ, ഗണിതക്യാമ്പ്
- ഒപ്പം - മാതൃ ഭാഷാ അടിസ്ഥാന ഭാഷാശേഷി പരിശീലനം

**സാമൂഹ്യശാസ്ത്രം യുപി വിഭാഗം**

- പഠനയാത്ര
- സെമിനാറുകൾ, സിമ്പോസിയങ്ങൾ
- സ്കൂൾ പാർലിമെന്റ് ശാക്തീകരണ പരിപാടി
- ചരിത്രകാരനുമായി, മുൻതലമുറയിലെ കാരണവരുമായി മുഖാമുഖം

**ശാസ്ത്രം യുപി വിഭാഗം**

- സ്കൂൾ തല ശാസ്ത്ര പരീക്ഷണക്കളരി
- ജൈവവൈവിധ്യ ലൈബ്രറി ശാസ്ത്രപഠനത്തിന് അനുഗുണമായി വളർത്തൽ
- ശാസ്ത്രലാബ് ശാക്തീകരിക്കൽ
- ശാസ്ത്രവിസ്മയ ചുമർ

**കലാകായിക പ്രവൃത്തി പരിചയം**

- കുട്ടികൾക്കുള്ള വിവിധ പരിശീലനങ്ങൾ
- കായികക്ഷമത വർധിപ്പിക്കാനുള്ള പ്രത്യേക പരിപാടികൾ
- പോഷകാഹാര നിർമാണം - അമ്മമാർക്കുള്ള പ്രായോഗിക പരിശീലനം
- പോഷകാഹാരം കുട്ടികൾക്കുള്ള പരിശീലന ക്ലാസുകൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ക്ലാസ് 1


# ഗണിതം

**ആമുഖം**

ഒന്നാം ക്ലാസിൽ നിന്നുതന്നെ ഗണിത പ്രവർത്തനങ്ങൾ കുട്ടി നേടിയെടുക്കേണ്ടതുണ്ട്. ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണല്ലോ? ഗണിതം ഇല്ലാതെ ജീവിതത്തിൽ ഒന്നുമില്ലായെന്നുതന്നെ പറയാം. ഗണിതം പാട്ടിലൂടെയും കളികളി ലൂടെയും ആസ്വാദ്യകരമാക്കാവുന്നതാണ്. പലതരത്തിൽ ഗണിതാശയങ്ങൾ നേടിയെടു ക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

**ലക്ഷ്യങ്ങൾ**

- 1 മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു.
- 5 വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- പകുതിയാക്കാൻ പറ്റുന്ന സംഖ്യയും അല്ലാത്തവയും വസ്തുക്കൾ വെച്ച് കണ്ടെത്തി വിശദീകരിക്കുന്നു.
- ഗണിതപഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ആരോഹണ അവരോഹണ ക്രമത്തിലാക്കൽ
- രണ്ട് ഒരക്കസംഖ്യകളുടെ സങ്കലനം (3+5=8)
- രണ്ട് ഒരക്കസംഖ്യകളുടെ വ്യവകലനം (5-3=2)
- ഒരക്ക സംഖ്യാ വ്യാഖ്യാനം




- ഒരക്ക സംഖ്യാ പാറ്റേൺ ക്രമീകരിക്കൽ

**ജൂൺ**

- ചുറ്റുപാടും നിരീക്ഷിച്ച് ത്രിമാന രൂപങ്ങൾ തിരിച്ചറിയുന്നു

**ജൂലൈ**

- ഗണിതകിറ്റ് തയ്യാറാക്കുന്നു. (ഗണിതപഠനത്തിന് സഹായകമായ തരത്തിലുള്ള വസ്തുക്കൾ)

❖ സംഖ്യകൾക്കനുസരിച്ച് ചിത്രങ്ങൾ വരച്ച് സംഖ്യാ കാർഡുകൾ തയ്യാറാക്കുന്നു.

4 

6 

**ആഗസ്റ്റ്**

❖ 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
❖ വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
❖ കൂടുതൽ, കുറവ് തിരിച്ചറിയൽ
❖ ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടൽ

**സെപ്തംബർ**

❖ സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
❖ ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്, സംഖ്യാഗാനം ആലപിക്കൽ

**ഒക്ടോബർ**

❖ ഒന്നിടവിട്ട സംഖ്യകൾ, ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ
❖ ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

**നവംബർ**

❖ ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിൽ സങ്കലന പ്രവർത്തനങ്ങളിലേർപ്പെടൽ

10 + 1 = 11

10 + 2 = 12

10 + 3 = 13

**ഡിസംബർ**

❖ സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ.
❖ ഗണിത ആൽബം തയ്യാറാക്കൽ

**ജനുവരി**


❖ ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ

10 - 1 = 9

10 - 2 = 8

10 - 3 = 7

❖ സംഖ്യാ വ്യാഖ്യാനം




**ഫെബ്രുവരി**

❖ വിലവിവരപ്പട്ടിക, പ്രശ്നവിശകലനം ക്രിയകളിൽ ഏർപ്പെടൽ

**മാർച്ച്**

❖ ഗണിതാശയം ഉൾപ്പെടുത്തി വിവിധതരം വർക്ക്ഷീറ്റുകൾ നൽകൽ
❖ ഉല്ലാസഗണിതം പ്രവർത്തനങ്ങളിലേർപ്പെടൽ
❖ സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയുന്നു
❖ പ്രവർത്തനങ്ങൾ വിലയിരുത്തുക

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വെയ്ക്കുന്നത്. എഴുത്ത് വായന വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശിൽപശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കൂടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കുന്നതോടൊപ്പം ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടു കൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങൾ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുമെന്ന് ഉറപ്പ് വരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവ മാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായനാകാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപശാലകൾ നടത്തുന്നു.
- തിയേറ്റർ സാധ്യതകൾ വായനാകേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടനാക്കണം.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുകവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.

## പ്രവർത്തനലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗാത്മക ശേഷി കൈവരിക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറുന്നതിന് ആ സാധ്യതകൾ ഒരുക്കുന്നു.

❖ പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
❖ കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.
❖ സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
❖ രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
❖ രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

**ജൂൺ**

❖ അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ
❖ സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക
❖ അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
❖ ചിത്ര കാർഡുകൾ, വായനാ കാർഡുകൾ നിർമ്മാണ ശിൽപശാലകൾ
❖ താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ

**ജൂലൈ**

❖ സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
❖ കുട്ടിക്ക് കഥ പറയൽ അവസരം ഒരുക്കൽ
❖ വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
❖ രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു
❖ പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം ഏറ്റെടുത്ത് നോക്കാനും അവസരം ഒരുക്കുന്നു
❖ ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു
❖ അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു
❖ ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു

**ആഗസ്റ്റ്**

❖ റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശിൽപശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ
❖ ഭാഷ വികാസത്തിന് അവസരം ഒരുക്കൽ
❖ സംയുക്ത ഡയറി എഴുത്ത് തുടരുന്നു
❖ പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു
❖ ഭാഷ ശേഷി വർധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ട് ചിത്രവായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു.
❖ രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്രരചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു
❖ ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു
❖ ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുത്തുന്നു.

**സെപ്തംബർ**

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു
- അനുഭാവധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു
- കുട്ടികളെ സ്വതന്ത്ര രചനയിലേക്കും വായനക്കാരെ മാറ്റുന്നു

**ഒക്ടോബർ**

- വായനോത്സവം സംഘടിപ്പിക്കുന്നു
- ആസ്വാദ്യകരമായ വായന നടത്തുന്നു
- ചിത്രവായനയ്ക്കവസരം നൽകുന്നു
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു
- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു
- കുട്ടി കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു
- ഭിന്നനിലവാരക്കാരെയും ഭാഷാപഠനത്തിൽ ഉൾപ്പെടുത്തുന്നു.

**നവംബർ**

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു
- നാട്ടുവായന, വീട്ടുവായന, കൂട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- വായനോത്സവം തുടരുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം നൽകൽ
- താളാത്മകമായി കവിതകൾ ചൊല്ലൽ
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നു
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു
- ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ തലക്കെട്ട് എഴുതുന്നു
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

**ഡിസംബർ**

- ഭാഷാപ്രവർത്തനത്തിൽ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചനാശേഷി പരിപോഷിപ്പിക്കൽ
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറുഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു

- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
- പരസ്പരം സഹകരിച്ചും പിന്തുണച്ചു കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു

ജനുവരി

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപശാലകൾ നടത്തുന്നു
- വായനാകേളികൾ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കുന്നു
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനും മുമ്പിൽ അവതരിപ്പിക്കുന്നു
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുത്തെഴുത്ത് പുസ്തകങ്ങൾ തയ്യാറാക്കുന്നു

ഫെബ്രുവരി

- ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു
- കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടിപ്പിക്കുന്നു

മാർച്ച്

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി
- കുട്ടികൾ തയ്യാറാക്കിയ കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന, സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടികൾക്കും ഓരോ പതിപ്പുകൾ

# ENGLISH

**Listening and Speaking**

- ❖ Recognize and respond to simple english phrases and sentence
- ❖ Engage basic conversation using learned vocabulary
- ❖ Reading and Comprehension
- ❖ Identify and read common words and sentence understand and answer question related to the texts.

**Writing**

- ❖ From simple sentence using correct punctuation

**Grammer**

- ❖ Recognize and use nouns verbs and adjective in sentences
- ❖ Understand the concept of singular and plural forms

**June**

"Honk, Honk.... Toot, Toot"

- ❖ Recognize and names vehicles and sound listen and repeat common greetings
- ❖ Picture reading, rhymes and sound matching, role play
- ❖ Oral quize, observation during activities

**July**

"Back to Green"

- ❖ Identify plants, trees, and natural elements use vocabulary related to nature.
- ❖ Nature walk, leaf / picture collage. word web
- ❖ Worksheet on nature words . Oral Q & A

**August**

"Mew"

- ❖ Recognize and name animals and their sounds. Construct simple description sentence
- ❖ Animal mimicry, drawing animals, action song
- ❖ Picture based vocabulary test speaking

**September**

"The team Rain"

- ❖ Read and wrote simple words and simple sentence
- ❖ Provide picture card and reading card
- ❖ Group drawing "rain dance / song making paper boats"
- ❖ Role-play performance group participation checklist

**October**

- ❖ Review all previous topics rainforce vocabulary sentence formation and story recall
- ❖ Written revision test, reading aloud

**November**

- ❖ My small description book is being preparation
- ❖ Preparing the reading card
- ❖ The classroom provides more opportunities read, write and speak english

**December**

- ❖ My picture dictionary is being prepared
- ❖ Simple instruction in the class room
- ❖ Encourage digital reading in the class room every day

**January**

- ❖ Enjoys songs and sing them with rythem and action
- ❖ Animals and birds collect pictures
- ❖ Animals and young one

**February**

- ❖ Provide to opportunity to express 'myself' in the classroom CPTA.

**March**

- ❖ Can read and write simple sentence
- ❖ Picture reading picture describing can tell you how to read and write.

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ക്ലാസ് 2

## 1. ആമുഖം

ജി.യു.പി.എസ്. രാമനാട്ടുകരയിലെ 2025-26 അധ്യയന വർഷം ഒന്നിൽ നിന്ന് രണ്ടിലേക്ക് വന്ന് മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

## 2. പ്രവർത്തന കലണ്ടർ

| ക്രമനം. | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1. | പ്രവർത്തന കലണ്ടർ | മെയ് |
| 2. | മലയാള മധുരം | ജൂൺ മുതൽ മാർച്ച് |
| 3. | സംയുക്ത ഡയറി | ജൂൺ മുതൽ മാർച്ച് |
| 4. | പാട്ടരങ്ങ് | ജൂൺ മുതൽ മാർച്ച് |
| 5. | സചിത്ര പുസ്തകം | ജൂൺ മുതൽ മാർച്ച് |
| 6. | റീഡേഴ്സ് തിയേറ്റർ | ജൂലൈ മുതൽ മാർച്ച് |
| 7. | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ മുതൽ മാർച്ച് |
| 8. | ക്ലാസ് പത്രം | ആഗസ്റ്റ് മുതൽ മാസം ഓരോന്ന് |
| 9. | രചനോത്സവം | ജൂലൈ മുതൽ ഫെബ്രുവരി വരെ |
| 10. | വായനോത്സവം | ജൂൺ മുതൽ മാർച്ച് |
| 11. | ഭാഷോത്സവം | ജനുവരി |
| 12. | ഗണിത കേളികൾ | ജൂൺ മുതൽ മാർച്ച് |
| 13. | ഗണിത കിറ്റ് | ജൂൺ മുതൽ മാർച്ച് |
| 14. | പരീക്ഷണങ്ങൾ | ഓരോ മാസവും ഓരോന്ന് വീതം |
| 15. | ലഘു പ്രൊജക്ട് | ഓരോ മാസവും ഓരോന്ന് വീതം |
| 16. | പരീക്ഷണ കിറ്റ് | ജൂൺ മുതൽ മാർച്ച് |
| 17. | രക്ഷിതാക്കൾക്ക് ശിൽപശാല | ജൂലൈ |
| 18. | വിജയസ്പർശം | ജൂൺ മുതൽ മാർച്ച് |
| 19. | പാനീയമേള | ഡിസംബർ |
| 20. | ഭക്ഷ്യമേള | ഡിസംബർ |
| 21. | പലഹാര മേള | ഡിസംബർ |

## 3. മലയാളം മധുരം

ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു. സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു. ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു. ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു. കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

എസ്.ആർ.ജി.യിൽ അവലോകനം - മെയ് അവസാനം സിപിടിഎ-യിൽ അവലോകനം - ജൂൺ രണ്ടാം വാരം. കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു. ജൂലൈ വായനോത്സവം ഓരോ മാസവും കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകം - ഓരോ മാസവും പുസ്തക പ്രകാശനം - ജനുവരി.

**ചുമതലകൾ** - ക്ലാസ് ടീച്ചർ, രക്ഷിതാവ്

**സാമ്പത്തികം** - പിടിഎ, ബി.ആർ.സി (Rs. 3000)

**4. സംയുക്ത ഡയറി**

**ലക്ഷ്യപ്രസ്താവനകൾ**

സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു. സ്വതന്ത്രരചന നടത്തുന്നതിന് ഭാഷാ ശേഷി വികസിപ്പിക്കുന്നതിന്

**പ്രവർത്തന ഘട്ടങ്ങൾ**

SRG-യിൽ മികച്ച ഡയറിയുടെ അവതരണം - ജൂൺ ആദ്യവാരം, CPTA-യിൽ ഡയറി പരിചയപ്പെടുത്തൽ. രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ - ജൂൺ രണ്ടാം വാരം. എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു - ജൂലൈ. ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു. കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.

സംയുക്ത ഡയറി പുസ്തക രൂപത്തിൽ മാറ്റുന്നു. സംയ്കുത ഡയറി പ്രകാശനം (ജനുവരി)

**ചുമതല** - ക്ലാസ് ടീച്ചർ, രക്ഷിതാവ്

**സാമ്പത്തികം** - CPTA (Rs. 2000)

**5. പാട്ടരങ്ങ്**

**ലക്ഷ്യപ്രസ്താവനകൾ**

താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു. കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു. ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു. ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു. ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ SRGയിൽ ചർച്ച

- പാട്ടരങ്ങ് ഏകദിന ശിൽപശാല സംഘടിപ്പിക്കുന്നു. (ആഗസ്റ്റ്)
- കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ. സെപ്തംബർ മുതൽ എല്ലാ മാസവും ബാലസഭയിൽ

**ചുമതല** - ക്ലാസ് ടീച്ചർ, രക്ഷിതാവ്

**സാമ്പത്തികം** - BRC (Rs. 1000)

**6. സചിത്ര പുസ്തകം**

**ലക്ഷ്യപ്രസ്താവനകൾ**

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.
- എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു
- കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.
- പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാ കായിക പ്രവൃത്തി പരിചയം, ഉദ്ഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു.
- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ 3 യൂണിറ്റുകൾ.
- ഏകദിന രക്ഷാകർതൃ ശിൽപശാല സംഘടിപ്പിക്കുന്നു. സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃ യോഗങ്ങൾ വിലയിരുത്തൽ.
- ഭാഷോത്സവത്തിൽ സചിത്ര ബുക്കുകൾ അവതരിപ്പിക്കൽ

**ചുമതല** - ക്ലാസ് ടീച്ചർ, രക്ഷിതാവ്

**സാമ്പത്തികം** - CPTA (Rs. 5000)

**7. റീഡേഴ്സ് തിയേറ്റർ**

**ലക്ഷ്യപ്രസ്താവനകൾ**

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
- ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- SRGയിൽ ആശയം പങ്കിടൽ (ജൂൺ)
- CPTAയിൽ ആശയം പങ്കിടൽ (ജൂൺ)
- ഏകദിന റീഡേഴ്സ് തിയേറ്റർ ശിൽപശാല (ജൂലൈ)
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തിരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു. (ജൂലൈ - മാർച്ച്)
- മികച്ചത് ബാലസഭയിൽ
- ഭാഷോത്സവത്തിൽ മികച്ചത് അവതരണം

**ചുമതല** - ക്ലാസ് ടീച്ചർ

**സാമ്പത്തികം** - BRC (Rs. 1000)

**8. നാട്ടുവിശേഷം കൂട്ടെഴുത്ത്**

**ലക്ഷ്യപ്രസ്താവനകൾ**

- പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു.
- പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാതെ ഭാഷയിൽ എഴുതാൻ കഴിയുന്നു.
- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പാഠപുസ്തകങ്ങളിലെ ആശയങ്ങൾക്കനുയോജ്യമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- SRGയിൽ അവതരണം, പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പ് എന്നിവ SRGയിൽ ആസൂത്രണം ചെയ്യുന്നു. (ജൂൺ)
- PTAയിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു (ജൂലൈ)
- പാഠഭാഗത്തിനനുയോജ്യമായ പ്രകൃതി പഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം (ജൂലൈ - മാർച്ച്)

**ചുമതല** - ക്ലാസ് ടീച്ചർ, CPTA, SRG

**സാമ്പത്തികം** - CPTA, BRC (Rs. 1000)

**9. ക്ലാസ് പത്രം**

**ലക്ഷ്യപ്രസ്താവനകൾ**

- ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാശേഷി പരിപോഷിപ്പിക്കുന്നു
- വ്യത്യസ്ത പഠന തന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു.
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- ക്ലാസ് പത്രം ലക്ഷ്യങ്ങളും പ്രവർത്തനക്രമങ്ങളും SRGയിൽ അവതരിപ്പിക്കുന്നു (ജൂലൈ അവസാനം)
- CPTAയിൽ പദ്ധതി അവതരിപ്പിക്കുന്നു. പിന്തുണ ഉറപ്പാക്കുന്നു. (ജൂലൈ അവസാനം)
- കണ്ടെത്തലുകളുടെ അവതരണം (ജൂലൈ - മാർച്ച്)
- കൂട്ടെഴുത്ത് നടക്കുന്നു. (ജൂലൈ - മാർച്ച്)
- പതിപ്പ് തയ്യാറാക്കൽ, പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ, മികച്ചവ ഭാഷോത്സവത്തിൽ അവതരണം.

**ചുമതല** - ക്ലാസ് ടീച്ചർ

**സാമ്പത്തികം** - PTA (Rs. 1000)

**10. രചനോത്സവം**

**ലക്ഷ്യപ്രസ്താവനകൾ**

- എല്ലാ കുട്ടികളും രചനാപ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു. കൃത്യമായ ഇടവേളകളിൽ ക്ലാസ്തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- SRGയിൽ അംഗീകാരം വാങ്ങുന്നു. ജൂൺ രണ്ടാം വാരം CPTAയിൽ പിന്തുണ ഉറപ്പാക്കുന്നു. ജൂൺ മൂന്നാം വാരം പ്രതിമാസ രചനോത്സവം (ജൂലൈ മുതൽ ഫെബ്രുവരി)
- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (സെപ്തംബർ, ഡിസംബർ, മാർച്ച്)
- വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച്)

**ചുമതല** - ക്ലാസ് ടീച്ചർ

**സാമ്പത്തികം** - CPTA, BRC

11. വായനോത്സവം

**ലക്ഷ്യപ്രസ്താവനകൾ**

- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു. കുട്ടികളിൽ വായനാശീലം വളർത്തുന്നു. ലൈബ്രറി പ്രയോജനപ്പെടുത്തുന്നു. വായനാക്കുറിപ്പ് തയ്യാറാക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- SRGയിൽ അംഗീകാരം വാങ്ങുന്നു (ജൂൺ ആദ്യവാരം)
- CPTAയിൽ ചർച്ച ചെയ്യുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു (ജൂലൈ ആദ്യവാരം). ഓരോ മാസവും വായനോത്സവം നടത്തുന്നു. അമ്മ വായന (ജൂലൈ മാർച്ച്) മാതൃകാവായന അധ്യാപകർ (ജൂലൈ - മാർച്ച്)

**ചുമതല** - ക്ലാസ് ടീച്ചർ

**സാമ്പത്തികം** - CPTA

12. ഭാഷോത്സവം

**ലക്ഷ്യപ്രസ്താവനകൾ**

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു. കുട്ടികളുടെ സ്വതന്ത്രരചനക്ക് സാധ്യത ഒരുക്കുന്നു. കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുന്നു. ആശയങ്ങളെ അനുഭവങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- ഭാഷോത്സവം SRGയിൽ ആസൂത്രണം ചെയ്യുന്നു. PTA-യിൽ പിന്തുണ ഉറപ്പാക്കുന്നു. പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു. ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു. പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു. ജനപ്രതിനിധികളുടെ പ്രാധിനിത്യം ഉറപ്പാക്കുന്നു. സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

**ചുമതല** - ക്ലാസ് ടീച്ചർ, CPTA

**സാമ്പത്തികം** - SRG, CPTA

13. ഗണിത കേളികൾ

**ലക്ഷ്യപ്രസ്താവനകൾ**

- കുട്ടികൾക്ക് ഗണിത കളികളിൽ താൽപര്യമുണ്ടാക്കുന്നു. ഗണിത പഠനത്തിൽ താൽപര്യമുണ്ടാക്കുന്നു. യുക്തിബോധം വളർത്തുന്നു..

**പ്രവർത്തന ഘട്ടങ്ങൾ**

- വ്യത്യസ്തമായ ഗണിത കളികളിൽ ഏർപ്പെടുന്നു. കൂട്ടുകാരെ കണ്ടെത്താം (സങ്കലനം)യ ഡോമിനോ കളികൾ (വ്യവകലനം), ബോൾ കളി (ഗുണനം).
  കാലാവധി - ജൂൺ - മാർച്ച്

**ചുമതല** - ക്ലാസ് ടീച്ചർ, SRG

**സാമ്പത്തികം** - CPTA, SSK (Rs. 2000)

**14. ഗണിത കിറ്റ്**

**ലക്ഷ്യപ്രസ്താവനകൾ**

- ELPS മുഖേന ഗണിത ശേഷികൾ എളുപ്പത്തിലും രസകരവുമാക്കുന്നതിന്, ഗണിതം ആസ്വാദ്യകരമാക്കുന്നതിന്.

**പ്രവർത്തന ഘട്ടങ്ങൾ**

- 10ന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, സ്ട്രോ, മുത്തുകൾ, സോഡാകുപ്പിയുടെ അടപ്പുകൾ, കളിനോട്ടുകൾ എന്നിവ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ കയ്യിലും ഗണിത കിറ്റിൽ ഉൾപ്പെടുത്തുന്നു.

**ചുമതല** - ക്ലാസ് ടീച്ചർ, രക്ഷിതാവ്

**സാമ്പത്തികം** - PTA, SSK (Rs. 3000)

**15. പരീക്ഷണങ്ങൾ**

**ലക്ഷ്യപ്രസ്താവനകൾ**

- ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു. അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു. വ്യത്യസ്ത ഉപകരണങ്ങൾ, സൂക്ഷ്മത, കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു. യുക്തിചിന്ത വളർത്തുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയത് രൂപകൽപന ചെയ്യുകയും ചെയ്യുന്നു.
  കാലയളവ് - ജൂൺ - ഫെബ്രുവരി

**ചുമതല** - ക്ലാസ് ടീച്ചർ, SRG, PTA

**സാമ്പത്തികം** - CPTA, SSK (Rs. 2000)

16. പരീക്ഷണക്കിറ്റ്

ലക്ഷ്യപ്രസ്താവനകൾ

- എല്ലാ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ സ്വന്തമായി ചെയ്യുന്നതിന് വ്യത്യസ്ത ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു. ശാസ്ത്രപഠനത്തിൽ ആത്മവിശ്വാസം വളർത്തുക.

പ്രവർത്തന ഘട്ടങ്ങൾ

- എല്ലാ കുട്ടികളും പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി ശേഖരിക്കുന്നു. പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പരീക്ഷണങ്ങൾ കിറ്റുകൾ ഉപയോഗിച്ച് ഓരോരുത്തരും ചെയ്യുന്നു.
  കാലയളവ് - ജൂൺ - മാർച്ച്

ചുമതല - ക്ലാസ് ടീച്ചർ, SRG, PTA

സാമ്പത്തികം - CPTA, SSK (Rs. 2000)

17. രക്ഷിതാക്കൾക്ക് ശിൽപശാല

ലക്ഷ്യപ്രസ്താവനകൾ

- പഠനത്തിൽ കുട്ടികളെ ക്രിയാത്മകമായി സഹായിക്കുക. പാഠഭാഗങ്ങളും പാഠ വസ്തുതകളും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുക.

പ്രവർത്തന ഘട്ടങ്ങൾ

- പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്യേണ്ട വിധവും സംയുക്ത ഡയറി, സചിത്രപുസ്തകം, ഗണിതകിറ്റ്, ശാസ്ത്രകിറ്റ് എന്നിവ തയ്യാറാക്കുന്ന വിധം രക്ഷിതാക്കൾക്ക് അവബോധമുണ്ടാക്കുന്നു.
  കാലയളവ് - ജൂലൈ, ഒക്ടോബർ, ജനുവരി

ചുമതല - ക്ലാസ് ടീച്ചർ, SRG, HM

സാമ്പത്തികം - SSK, PTA (Rs. 8000)

17. വിജയ സ്പർശം

ലക്ഷ്യപ്രസ്താവനകൾ

- എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക. നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക

.

**പ്രവർത്തന ഘട്ടങ്ങൾ**

- സ്കൂൾ സമയത്തിന് പുറമെയുള്ള സമയം കണ്ടെത്തി പ്രയാസം നേരിടുന്ന കുട്ടികളെ ആവശ്യമായ കൈതാങ്ങ് നൽകുക. വർക്ക്ഷീറ്റുകളും പ്രവർത്തിച്ച് പഠിക്കാനുതകുന്ന മറ്റ് സാധനങ്ങളും പഠനത്തിനായി ഉപയോഗിക്കുന്നു. കളിരീതിയിൽ കൂടിയുള്ള പഠനത്തിന് മുൻതൂക്കം നൽകുന്നു.
  കാലയളവ് - ജൂൺ - ഫെബ്രുവരി

**ചുമതല** - ക്ലാസ് ടീച്ചർ, SRG

**സാമ്പത്തികം** - PTA, SSK (Rs. 5000)

**18. പാനീയമേള**

**ലക്ഷ്യപ്രസ്താവനകൾ**

- ആഹാരം ആരോഗ്യത്തിന് എന്ന ഭാഗവുമായി ബന്ധപ്പെട്ട് രുചിമേളം എന്ന പാഠഭാഗത്തിലെ കടയിൽ നിന്ന് വാങ്ങുന്ന കുപ്പികളിലുള്ള പാനീയങ്ങൾ ആരോഗ്യത്തിന് ഹാനികരണമാണെന്ന് തിരിച്ചറിയുന്നതിന്.
- ചുറ്റുപാടും ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പാനീയങ്ങൾ ഉണ്ടാക്കാമെന്ന് തിരിച്ചറിയുന്നതിന്.

**പ്രവർത്തന ഘട്ടങ്ങൾ**

- SRGയുടെയും CPTAയുടെയും പിന്തുണയോടെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പാനീയമേള സംഘടിപ്പിക്കുന്നു.

**ചുമതല** - ക്ലാസ് ടീച്ചർ, HM

**സാമ്പത്തികം** - CPTA (Rs. 1000)

**19. ഭക്ഷ്യമേള**

**ലക്ഷ്യപ്രസ്താവനകൾ**

- പാഠഭാഗവുമായി ബന്ധപ്പെട്ട് നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ എല്ലാ തരത്തിലുള്ള ആഹാരപദാർത്ഥങ്ങളും ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.

**ചുമതല** - ക്ലാസ് ടീച്ചർ, CPTA

**സാമ്പത്തികം** - (Rs. 2000)

## 20. പലഹാരമേള

**ലക്ഷ്യപ്രസ്താവനകൾ**

- പലതരം പലഹാരങ്ങൾ മനസ്സിലാക്കുന്നതിന്, അവ ഉണ്ടാക്കുന്ന വിധം മനസ്സിലാക്കുന്നതിന്, ലഘു പാചക കുറിപ്പുകൾ തയ്യാറാക്കുന്നതിന് പാഠഭാഗവുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പലഹാരമേള സംഘടിപ്പിക്കുന്നു.

**ചുമതല** - ക്ലാസ് ടീച്ചർ, CPTA

**സാമ്പത്തികം** - (Rs. 1000)

## 21. ലഘു പ്രോജക്ട്

**ലക്ഷ്യപ്രസ്താവനകൾ**

- കുട്ടികളിൽ ശാസ്ത്രചിന്തയും യുക്തിചിന്തയും വളർത്തുക.

**പ്രവർത്തന ഘട്ടങ്ങൾ**

- കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, താരതമ്യം, വർഗീകരണം, അപഗ്രഥനം, എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്തുവാൻ പ്രാപ്തരാക്കുന്നു. നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു.
  കാലയളവ് - ജൂൺ - മാർച്ച്

**ചുമതല** - ക്ലാസ് ടീച്ചർ, SRG, PTA

**സാമ്പത്തികം** - PTA, SSK (Rs. 1000)

# ഗണിതം

**ആമുഖം**

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് 'ഉല്ലാസഗണിതം' പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് സഹായിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വെക്കുന്നത്..

**ലക്ഷ്യങ്ങൾ**

- ❖ രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം സംഖ്യയെ വ്യാഖ്യാനിക്കാനും സങ്കലനം വ്യവകലനം പ്രശ്നാപഗ്രഥനം എന്നീ ശേഷി ഉറപ്പാക്കൽ.
- ❖ സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ❖ ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിന്.
- ❖ ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. എഴുതുന്നു. (100ൽ താഴെ)
- ❖ ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിലുള്ള ഉത്തരങ്ങൾ കൈവരിക്കാനാകും എന്ന മേഖലയിൽ എത്തിച്ചേരൽ.
- ❖ പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു വ്യത്യസ്ത രീതിയിൽ.

**മുന്നൊരുക്കം**

- ❖ ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

**പ്രവർത്തനലക്ഷ്യങ്ങൾ**

- ❖ പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തുന്നു.

**ജൂൺ**

- ❖ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ, ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിയൽ, ചതുരം, വട്ടം, ത്രികോണം ഇവ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ നിർമ്മിക്കുന്നു.

**ജൂലൈ**

- ❖ 1, 2, 3, 4, ............
  1, 3, 5, 7, ...........
  10, 20, 30, 40, ..........
  5, 10, 15, 20, ............
  2, 4, 6, 8, ............... തുടങ്ങിയ പാറ്റേണിലെ സംഖ്യാബോധം കണ്ടെത്തൽ

- ഒരു സംഖ്യയോട് ഒന്ന് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.
- 
- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ എണ്ണത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ
  (5 + 5 = 10, 10 + 10 = 20)

**ആഗസ്റ്റ്**

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ 99നോട് 1 കൂട്ടിയാൽ 100.
- 10 പത്തുകൾ ചേർന്നാൽ 100 ആകും
- 100 ഒന്നുകൾ ചേർന്നതാണ് 100
- ഓരോ സംഖ്യകലെയും പ്രായോഗിക ഗണിതാശയ തലത്തിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

**സെപ്തംബർ**

- ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
- വിലവിവരപട്ടിക തയ്യാറാക്കൽ - ക്ലാസിലൊരു കട സ്കൂളിലൊരു കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.

**ഒക്ടോബർ**

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾ തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ. പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)
- 5... 10... 15.... 20.... 25 (5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

**നവംബർ**

- സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്).
- പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ.
- "ക്ലാസിനൊരു" കളിയിലൂടെ പ്രശ്നനിർദ്ധാരണം ചെയ്യൽ.
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ
  10 രൂപ + 5 രൂപ = 15 രൂപ നോട്ട് നാണയം

**ഡിസംബർ**

- സംഖ്യാബോധം തിരിച്ചറിയൽ - സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ. സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ.

- രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

**ജനുവരി**

- വില വിവരപട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ.
- പ്രശ്ന നിർദ്ധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
- സങ്കലന വ്യവകലന ക്രിയകൽ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ.

**ഫെബ്രുവരി**

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ഉല്ലാസഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ
- ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

**മാർച്ച്**

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ കറുത്ത അക്കങ്ങളും - ചുവന്ന അക്കങ്ങളും തിരിച്ചറിവ്
- മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ, സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ, കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

# ENGLISH

**Aim : To speak, read and write english without any mistakes**

**Time : June, July, August**

**June : Pretest**

**Listening and Speaking**

- Games, Action songs, Hello english activities, 2 conversations, skit stories use ICT

**Speaking Skill**

- Description, growing sentences, picture reading, picture descriptions, self introduction, Assembly activities - speech book review, quiz riddles, self introduction school, radio etc.
  July & August

**Reading Skills**

- Make words wed, picture description word chain sentence chain, make words and sentences, make riddles, conversations.
- Add more lines develop story, description notice proclamation diary letter announcement, magazines

**September**

- Read and write simple words and simple sentences
- Provides picture cards and reading cards.

**October**

- Introduce symbol picture descriptions
- Make word chain, sentence chain, make riddles
- Describing words, rhyming words, text book activities

**November**

- Prepare reading cards
- Provide more opportunities to read, write and speak english
- Write five english words daily

**December**

- Read and understand simple instructions in the classroom
- Encourage digital reading

**January**

- Enjoys songs and sing them with rythem and action
- Make picture albums
- Collect pictures of animals and its young ones.

**February**

- Provide to opportunity to express 'myself' in the classroom
- English assembly once in a week

**March**

- Speaks english fluently
- Read and write simple sentences
- Picture reading picture description

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ക്ലാസ് 3

## മലയാളം

**ലക്ഷ്യങ്ങൾ**

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്തുകൂട്ടം
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ് സഭ, സ്കൂൾ സഭ, ബാല സഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യശാഖ പരിചയപ്പെടൽ
- വായന സാമഗ്രികൾ കണ്ടെത്തുക വികസിപ്പിക്കുക
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക.

| ആക്ടിവിറ്റി | കാലയളവ് |
|---|---|
| അക്ഷര കാർഡ് നിർമ്മാണം<br>▪ വാക്കുകൾ നിർമ്മിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ<br>▪ വരികൾ കൂട്ടിച്ചേർക്കൽ | ജൂൺ - ആഗസ്റ്റ്<br>ലൈബ്രറി ബുക്സ്, വീഡിയോ, CPTA സഹകരണം, ബാലമാസികകൾ |
| ചിഹ്നങ്ങൾ അഭ്യസിപ്പിക്കുക<br>ചില്ലക്ഷരങ്ങൾ അഭ്യസിപ്പിക്കുക<br>▪ ലഘുവാക്യങ്ങൾ എഴുതുക | ആഗസ്റ്റ് - ഒക്ടോബർ<br>ലൈബ്രറി ബുക്സ്, വീഡിയോ, CPTA സഹകരണം |
| ചിത്രവായന (ചിത്രങ്ങൾ കണ്ട് അതിൽ നിന്നും കഥകൾ നിർമ്മിക്കുക)<br>▪ കഥകൾ നിർമ്മിക്കുക<br>(പ്രത്യേക വിഷയം ടോപ്പിക്കായി എടുത്ത് കഥകൾ നിർമ്മിക്കുക) | ഒക്ടോബർ - ഡിസംബർ<br>അമ്മവായന, ലൈബ്രറി ബുക്സ്, ബാലമാസികകൾ, പത്ര കട്ടിംഗ് |
| സംഭാഷണങ്ങൾ<br>▪ പഠന പിന്നോക്ക പ്രവർത്തനങ്ങൾ | ഡിസംബർ ഫെബ്രുവരി<br>ലൈബ്രറി ബുക്സ്, പ്രത്യേക ക്ലാസുകൾ, BRC സഹകരണം, SCERT, വീഡിയോ |
| വിവരണങ്ങൾ | ഫെബ്രുവരി - ഏപ്രിൽ<br>ലൈബ്രറി ബുക്സ്, CPTA സഹകരണം, SCERT, ബാലമാസികകൾ, പത്ര കട്ടിംഗ് |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപിക | പിടിഎ |
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു | ▪ ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു<br>▪ തോരണം നിർമ്മാണം<br>▪ ചതുരം, ത്രികോണം, വട്ടം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു | ജൂൺ<br>ജൂലൈ | അധ്യാപിക<br>സിപിടിഎ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു | ▪ കമ്പ് കെട്ടുകൾ<br>▪ നാണയങ്ങൾ, കളിനോട്ടുകൾ<br>▪ പാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപിക<br>കുട്ടികൾ | സിപിടിഎ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുന്നു | ▪ വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്തംബർ | അധ്യാപിക<br>കുട്ടികൾ | ഇല്ല |
| സങ്കലന, വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | ▪ മനക്കണക്കുകൾ<br>▪ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ | അധ്യാപിക<br>കുട്ടികൾ | ഇല്ല |
| സ്കെയിൽ ഉപയോഗിച്ച് അളവുകൾ കണ്ടെത്താൻ പ്രാപ്തരാക്കുക | ▪ സ്കെയിൽ നിർമ്മാണം<br>▪ കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം എന്നിവ പരിശോധിക്കൽ | നവംബർ | അധ്യാപിക<br>കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | ▪ മനക്കണക്കുകൾ<br>▪ മഞ്ചാടിക്കളി | ഡിസംബർ<br>ജനുവരി | അധ്യാപിക<br>കുട്ടികൾ<br>സിപിടിഎ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | ▪ ICT<br>▪ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഫെബ്രുവരി<br>മാർച്ച് | അധ്യാപിക<br>കുട്ടികൾ | ഇല്ല |

മേഖല: അക്കാദമികം　　　ഉപമേഖല: പരിസരപഠനം　　　ക്ലാസ്: III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു<br>കുറിപ്പ് തയ്യാറാക്കൽ | ജൂൺ, ജൂലൈ<br>ആഗസ്റ്റ് | കുട്ടികൾ<br>അധ്യാപിക |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവവൈവിധ്യ പാർക്ക്, മഴക്കുഴി നിർമ്മാണം, ജലസ്രോതസ്സുകൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | അധ്യാപിക<br>കുട്ടികൾ<br>പിടിഎ |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്രപ്രതിഭകളെ അടുത്തറിയാം<br>ശാസ്ത്രമാഗസിൻ | ഡിസംബർ<br>ജനുവരി | അധ്യാപിക<br>കുട്ടികൾ |

## ENGLISH

| Aims | Activities | Duration | Charge |
|---|---|---|---|
| To Study alphabets | Pre Test, Write simple words, Actions songs, Picture description | June - July | Teacher, Student |
| To study, write and read simple words | Circle the word from textbook and read Rhyming words | August<br>September | Teacher, Student |
| Create more opportunities for english speaking in the classroom | Classroom communication should be in english, like May I drink some water? May I go to bathroom?<br>▪ Hello<br>▪ Good Morning everyone<br>▪ Good Afternoon everyone<br>▪ How are you?<br>▪ How are yoy all?<br>▪ Library books reading<br>▪ Conversations<br>▪ Thoughts | Academic year | Teacher, Student, Parent |

## ക്ലാസ് 4

**ആമുഖം**

4-ാം ക്ലാസിലെ ഓരോ കുട്ടിയുടെയും സമഗ്ര വികസന ലക്ഷ്യം വെച്ചുകൊണ്ടാണ് ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. സമഗ്ര ഗുണമേന്മയുടെ അടിസ്ഥാനത്തിൽ പാഠത്തിന് പുറമെ ലഭിക്കേണ്ട മൂല്യാധിഷ്ഠിത പാഠങ്ങളും കേന്ദ്രീകരിച്ചിരിക്കുന്നു. ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ, മറ്റു സഹായികൾ എന്നിവർ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെ നടത്താനുദ്ദേശിക്കുന്ന തുടർ പ്രവർത്തന സാധ്യതയുള്ള വിവിധ പദ്ധതികൾ വിലയിരുത്തലിനുള്ള സാധ്യതകൾ ഒരുക്കി കൊണ്ടാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

വായന, എഴുത്ത്, ഗണിതക്രിയകൾ, പരിസരപഠനം എന്നിവയ്ക്ക് ഓരോ ലക്ഷ്യങ്ങൾക്കും പ്രാധാന്യം നൽകിയും പ്രത്യേക പ്രവർത്തനങ്ങൾ നൽകാനും ശ്രദ്ധിച്ചിട്ടുണ്ട്. മലയാള ഭാഷ കൈകാര്യം ചെയ്യുന്നതിൽ പിന്നാക്ക വിഭാഗത്തെ പൂർണമായും മുന്നിലെത്തിക്കുക എന്നത് തന്നെയാണ് പ്രധാന ലക്ഷ്യം. പ്രത്യേക ക്ലാസ് നൽകാനും തീരുമാനിച്ചിട്ടുണ്ട്.

### പരിസരപഠനം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തി എടുക്കുക | പ്രകൃതി നടത്തം | ▪ ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കുക<br>▪ വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>▪ ജീവികളുടെ പരസ്പര ആശ്രയത്വം. ചർച്ച | ജൂൺ - ഒക്ടോബർ |
| | ▪ പൂന്തോട്ടം ഒരുക്കൽ<br>▪ പച്ചക്കറിത്തോട്ടം | ▪ പ്രകൃതിക്ക് ഭീഷണിയാവുന്ന മനുഷ്യന്റെ ഇടപെടലുകൾ<br>▪ സ്കൂൾ തോട്ടം പരിപാലിക്കൽ<br>▪ വീട്ടിൽ സ്വന്തമായി പച്ചക്കറിത്തോട്ടം നിർമ്മിക്കൽ | ജൂൺ മാർച്ച് |
| | ▪ ഒരു തൈ നടാം | ▪ പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ | ജൂൺ |
| | ▪ പോസ്റ്റർ നിർമ്മാണം | ▪ പരിപാലനം | ജൂൺ |

| | | | |
|---|---|---|---|
| | | ▪ പ്രകൃതി സംരക്ഷണ പോസ്റ്റർ നിർമ്മാണം<br>▪ പരിസരങ്ങളിൽ പതിക്കൽ | |
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും | വ്യക്തി ശുചിത്വത്തിന്റെയും പരിസര ശുചിത്വത്തിന്റെയും പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നു | ▪ കുട്ടികളെ ഗ്രൂപ്പുകളാക്കി ചുമതലാ വിഭജനം നൽകുന്നു.<br>▪ പരിശോധന ചുമതല ഓരോ ഗ്രൂപ്പുകാർക്കും നൽകുന്നു | ജൂൺ<br>മാർച്ച് |
| വ്യക്തിശുചിത്വം<br>പരിസര ശുചിത്വം | നമ്പർ വൺ | ▪ ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>▪ വ്യക്തിശുചിത്വം - ക്ലാസ് റൂം പരിസര ശുചിത്വം എന്നിവയുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുന്നു. | ജൂൺ<br>മാർച്ച് |
| | പരിസര നടത്തം | ▪ നമ്മുടെ പ്രദേശത്തെ മലിനീകരണ പ്രശ്നം അടുത്തറിയൽ<br>▪ മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തൽ | ജൂൺ<br>ഡിസംബർ |
| | ഫീൽഡ് ട്രിപ്പ് | ▪ പ്രകൃതിയെ അടുത്തറിയൽ | |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക | പരീക്ഷണങ്ങൾ<br><br>പക്ഷി നിരീക്ഷണം | ▪ ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>▪ ക്യാമ്പ്<br>▪ മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു<br>▪ പക്ഷി നിരീക്ഷണത്തിന് അവസരം. ഇതിലൂടെ പ്രകൃതിയെ അടുത്തറിയൽ | ഡിസംബർ<br>ഫെബ്രുവരി<br><br>ജനുവരി - മാർച്ച് |

## ENGLISH

| Activity | Aim | Duration | Duties |
| --- | --- | --- | --- |
| English Assembly<br>(Controlled by students) | To improve the ability to speak and write english effectively | Once in a week | Class Teacher |
| English Diary | To develop english writing skill | Daily | Class Teacher |
| Write descriptions about special activities held in the school | To develop english writing and listening skill | Occassionally | Class Teacher |
| English Theatre | Creativity development | Within a month | Class Teacher |
| Presenting english lessons in dialogue forms (skit, drama, conversation, story telling) | | Occassionally | Class Teacher |
| English Magazine | Creativity development | Once in a month | HM, Class Teacher |
| Correspondence with friends including activities on special days at school and letter writing | | Once in a month | Class Teacher |
| Reader's Corner | Reading Skill | | |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളിക്കാം ഗണിക്കാം | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ - മൂല്യനിർണ്ണയം (ഏണിയും പാമ്പും, ഡയസ് കളി)<br>സങ്കലനം - വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | പിടിഎ |
| | വ്യത്യസ്ത വലിപ്പമുള്ള ചതുര കാർഡുകൾ, സമചതുര കാർഡുകൾ, ജിയോ ബോർഡ്, ഈർക്കിൽ കഷ്ണങ്ങൾ, സ്കെയിൽ, സമചതുരക്കട്ടകൾ, നിറം നൽകാനുള്ള സാമഗ്രികൾ, ടാൻഗ്രാം, ചിത്രം, പശ, പുളിങ്കുരു, കളിനോട്ടുകൾ, പൊട്ടുകൾ, ആവശ്യമില്ലാത്ത പേനകൾ, വർണ്ണക്കടലാസുകൾ എന്നിവ ഉപയോഗിച്ച് കണക്കുപെട്ടി തയ്യാറാക്കൽ | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | പിടിഎ |
| ഗണിത ശാസ്ത്രപഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിൽ ഒരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | പിടിഎ |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | ഗണിത പഠനോപകരണങ്ങളുടെ ശിൽപശാല - പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | HM<br>SRG<br>ക്ലാസ് ടീച്ചർ | പിടിഎ |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | പിടിഎ |
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ | പിടിഎ |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രി ഒരുക്കൽ | ലക്ഷ്യം നേടുന്നത് വരെ | SRG<br>ക്ലാസ് ടീച്ചർ | പിടിഎ |
| വായനാശേഷി വളർത്തൽ | ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനകുറിപ്പ്, പുസ്തകവണ്ടി | വർഷം മുഴുവൻ | HM, SRG<br>ക്ലാസ് ടീച്ചർ<br>CPTA | പിടിഎ |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം | SRG<br>ക്ലാസ് ടീച്ചർ | പിടിഎ |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | പിടിഎ |
| പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള, പാചകക്കുറിപ്പടങ്ങിയ പതിപ്പ് | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനങ്ങൾ സംഘടിപ്പിക്കൽ, അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, പതിപ്പ് നിർമ്മാണം | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പ്രകാശനം, സർഗ്ഗശേഷികളുടെ പ്രകടനം | വർഷത്തിലൊന്ന് | HM, SRG<br>ക്ലാസ് ടീച്ചർ | പിടിഎ |

## യു.പി മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം: ആശയസംവേദനം നടത്താനും, പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാല അനുഭവം<br><br>പഠിതാക്കൾ അവരുടെ അവധിക്കാലം അനുഭവങ്ങൾ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) വ്യവഹാര രൂപങ്ങളായി അവതരിപ്പിക്കുന്നു. എഴുതുന്നു<br><br>ഭാഷാകേളി<br>അക്ഷരങ്ങളും, പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു (വർക്ക്ഷീറ്റുകൾ, കഥകൾ, പാഠപുസ്തകങ്ങൾ)<br><br>വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്<br>അക്ഷരങ്ങളും, ചിഹ്നങ്ങളും ഉൾപ്പെടുന്ന കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം<br><br>സ്നേഹ മരത്തണൽ<br>സ്കൂൾ തയ്യാറാക്കിയ പേര, നെല്ലി, സീതപ്പഴം, ഇലഞ്ഞി ഫലവൃക്ഷതൈകളുമായി ബന്ധപ്പെടുത്തി സനേഹ മരത്തണൽ ഡയറിയിൽ | അധ്യയന വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ<br><br>ഭാഷാ അധ്യാപകർ | 1000 |

| | | | | |
|---|---|---|---|---|
| | പരിസ്ഥിതിയുമായി ബന്ധപ്പെട്ട വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നു.<br>സാഹിത്യലോകത്തേക്ക്<br>വായനാ വാരത്തിൽ പ്രാദേശികരായ എഴുത്തുകാരുമായി 7 ദിനം 'എഴുത്തുകാർക്കൊപ്പം ഇത്തിരി നേരം' | | | |
| ബോർഡ് എഫ്എം: വായനയുടെയും, അവതരണത്തിന്റെയും മികവുറ്റ പ്രകടനത്തിന് കുട്ടികളെ പ്രാപ്തരാക്കുക | ▪ എല്ലാ ദിവസങ്ങളിലും ബോർഡ് എഫ്.എം. റേഡിയോ ജോക്കികൾ വിശേഷങ്ങളും ദിനാചരണങ്ങളും പരിപാടികൾ അവതരിപ്പിക്കുന്നു.<br>▪ കഥ, കവിത തുടങ്ങി വിവിധ മേഖലയിലുള്ള അവതരണം<br>▪ ഓരോ ദിനവും പുസ്തകപരിചയം, ആസ്വാദനക്കുറിപ്പ്<br>▪ പത്രവാർത്തകൾ, വാർത്തകൾ, വാർത്താവായന അവതരണ മികവുകൾ | വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ<br><br>ഭാഷാ അധ്യാപകർ | 1000 |
| പഠിതാവിൽ അർത്ഥ പൂർണ്ണമായ വായന ഉറപ്പ് വരുത്തുക | ▪ വാർത്തയുടെ ലോകത്തേക്ക് ക്ലാസ് പത്രങ്ങൾ പ്രയോജനപ്പെടുത്തി ഓരോ ആഴ്ചയിലും വാർത്താ ക്വിസ്<br>▪ ആഴ്ചപ്പതിപ്പ്, വ്യത്യസ്ത മാസികകൾ, ലേഖനങ്ങൾ എന്നിവ റീഡിങ് റൂമിൽ വായിക്കുന്നതിനവസരം | വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ<br><br>ഭാഷാ അധ്യാപകർ | |

| | | | | |
|---|---|---|---|---|
| സാഹിത്യകാരന്മാരോടും സാഹിത്യകൃതികളോടും അനുകൂലമായ മനോഭാവം വളർത്തി പഠിതാക്കളിൽ സർഗ്ഗശേഷി വളർത്തുക | ▪ സംവാദം, അഭിമുഖം<br>▪ സാഹിത്യകാരന്മാർ കലാകാരന്മാർ എന്നിവരുമായി അഭിമുഖ സംഭാഷണങ്ങൾ<br>▪ മുത്തശ്ശിപ്ലാവിന് ചുവട്ടിൽ വെള്ളിയാഴ്ചകളിൽ സാഹിത്യ ചർച്ച | വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ<br><br>ഭാഷാ അധ്യാപകർ | |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | ▪ രംഗാവിഷ്കാരം - പാഠഭാഗവുമായി ബന്ധപ്പെട്ട നാടകങ്ങൾ, ചൊൽക്കാഴ്ചകൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരണം<br>▪ വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും ഉൾപ്പെടുത്തി ശിൽപശാല സംഘടിപ്പിക്കുന്നു.<br>▪ സാഹിത്യകാരന്മാരുടെ വീടുകളിലേക്ക് ഫീൽഡ് ട്രിപ്പ് | വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ<br><br>ഭാഷാ അധ്യാപകർ | |

# സാമൂഹ്യശാസ്ത്രം

| പദ്ധതി | പ്രവർത്തനം | കാലയളവ് | ചുമതല | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | ▪ ജില്ലാതലം മുതൽ അന്തർദേശീയ തലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory Test നടത്തുന്നു.<br>▪ ഓരോ കുട്ടിയെയും കേരളത്തിന്റെയും, ഇന്ത്യയുടെയും ഭൂപടം വരപ്പിച്ച് ഹൃദിസ്ഥമാക്കിക്കുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | 1000 |
| സ്കൂൾ പാർലമെന്റ് ശാക്തീകരണ പരിപാടി | ▪ LP സെക്ഷനിലും, UP സെക്ഷനിലും ഇലക്ഷൻ സംഘടിപ്പിക്കുന്നു<br>▪ ജനാധിപത്യ രീതിയിലുള്ള പത്രിക സമർപ്പണവും, പ്രചാരണവും, വോട്ടിംഗുമെല്ലാം കുട്ടികൾക്ക് നേരനുഭവങ്ങളാക്കി മാറ്റുന്നു | ജൂലായ് ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 3000 |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ദീനീജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demo Class-കൾ സംഘടിപ്പിച്ച് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുക. | സെപ്തംബർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 2000 |

| | | | | |
|---|---|---|---|---|
| നെൽപ്പാടങ്ങൾ, വിവിധ കൃഷിയിടങ്ങൾ മുതലായവ സന്ദർശിക്കുന്നു | ▪ വിവിധയിനം കൃഷികൾ സംയോജിപ്പിച്ചു കൊണ്ട് ചെയ്യുന്ന കൃഷിരീതികൾ അവിടങ്ങൾ സന്ദർശിച്ചു തന്നെ കുട്ടികൾ മനസ്സിലാക്കുന്നു.<br>▪ മണ്ണും മനുഷ്യനുമായുള്ള അഭേദ്യമായ ബന്ധം മനസ്സിലാക്കുന്നതിലൂടെ പുതുതലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്നു.<br>▪ വിവിധ വിളകൾക്ക് അനുയോജ്യമായ കാലങ്ങളും, വളങ്ങളും, അവയെ ബാധിക്കുന്ന രോഗങ്ങളും മനസ്സിലാക്കുന്നു | ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 2000 |
| മുനിസിപ്പാലിറ്റി സന്ദർശനം | ▪ മുനിസിപ്പാലിറ്റി സന്ദർശിക്കുന്നതിലൂടെയും അവരുമായി ആശയവിനിമയം നടത്തുന്നതിലൂടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ച് കുട്ടികളിൽ വ്യക്തത വരുത്താൻ സാധിക്കുന്നു. | നവംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | 1000 |
| വിവരസാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും, ക്രിമിനൽ പ്രവർത്തനങ്ങളെ ക്കുറിച്ചും ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ചും ബോധവൽക്കരണം | ▪ സ്കൂളിൽ ഒരു ഫിലിം ഷോ സംഘടിപ്പിക്കുകയും അതിലൂടെ കാലിക പ്രസക്തിയുടെ സിനിമകൾ കുട്ടികൾക്ക് മുന്നിലെത്തിച്ച് അവരെ ബോധവാന്മാരാക്കുന്നു. | ഡിസംബർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 3000 |

| | | | | |
|---|---|---|---|---|
| സാമൂഹ്യ പ്രതിബദ്ധതയുള്ള തലമുറയെ സൃഷ്ടിക്കൽ | ▪ വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ, ആദിവാസി കോളനികൾ എന്നിവ സന്ദർശിച്ച് സമൂഹത്തിൽ അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ കണ്ടെത്തി അവരാൽ കഴിയുന്ന സഹായങ്ങൾ എത്തിക്കുന്നു. പുതുവർഷത്തെ പുതിയ പ്രതിജ്ഞയോടെ വരവേൽക്കുന്നു. | ജനുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | 2000 |
| യു.എസ്.എസ്. പരീക്ഷാ പരിശീലനം | ▪ യു.എസ്.എസ്. പഠനസാമഗ്രി തയ്യാറാക്കൽ<br>▪ മാതൃകാപരീക്ഷ നടത്തൽ<br>▪ ചിട്ടയായ പരിശീലനം സംഘടിപ്പിക്കൽ | ആഗസ്റ്റ് ജനുവരി | SRG | 2000 |
| ചരിത്ര സ്മാരകങ്ങളുടെ സന്ദർശനം | ▪ നമ്മുടെ കോഴിക്കോട് തന്നെയുള്ള ഏറെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ സന്ദർശനം<br>▪ ഇവ സന്ദർശിച്ചതിന് ശേഷം കുട്ടികൾ പ്രാദേശിക ചരിത്രരചന തയ്യാറാക്കുന്നു | ഫെബ്രുവരി | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 3000 |

# ഗണിതശാസ്ത്രം

| പദ്ധതി | പ്രവർത്തനം | കാലയളവ് | ചുമതല | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| ഗണിതം - ബ്രിഡ്ജ് മെറ്റീരിയൽ തയ്യാറാക്കൽ | ▪ അടിസ്ഥാനശേഷി വികാസ പരിശീലനം<br>▪ കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പ് വരുത്തുന്നു<br>▪ പ്രീടെസ്റ്റ്<br>▪ ഗണിത നിഘണ്ടു തയ്യാറാക്കൽ | ജൂൺ<br>മാർച്ച് | SRG<br>ഗണിത<br>അധ്യാപകർ | |
| ഗണിത ക്വിസുകൾ<br>Geomatrical Chart നിർമ്മാണം | ▪ പ്രതിവാര ക്വിസുകൾ<br>▪ ക്വിസ് പരിശീലനം<br>▪ ജ്യോമട്രിക് ചാർട്ടുകൾ - വരയ്ക്കൽ<br>▪ ഗണിതശാസ്ത്ര പഠനവും കരചലനങ്ങളുടെ ശേഷിവികാസവും | ജൂൺ<br>മാർച്ച് | ഗണിത<br>അധ്യാപകർ | |
| ഗണിത ക്ലബ്ബ് രൂപീകരണം | ▪ ക്ലബ്ബ് രൂപീകരണം<br>▪ ദിനാചരണ പ്രവർത്തനങ്ങൾ<br>▪ ഗണിതം ചോദ്യബാങ്ക് തയ്യാറാക്കൽ<br>▪ ഗണിതം - വർക്ക് ഷീറ്റ് തയ്യാറാക്കൽ | ജൂൺ<br>മാർച്ച് | SRG<br>ഗണിത<br>അധ്യാപകർ | |
| ഗണിത ലാബ് സജ്ജമാക്കൽ | ▪ ഗണിതലാബ് സജ്ജമാക്കൽ<br>▪ ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ<br>▪ ഗണിതലാബിൽ സാമഗ്രികൾ നിശ്ചയിക്കൽ | ജൂൺ<br>ആഗസ്റ്റ് | ഗണിത<br>അധ്യാപകർ | |
| പഠനോപകരണ ശിൽപശാല | ▪ ശിൽപശാല സംഘടിപ്പിക്കുന്നു<br>▪ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു | ആഗസ്റ്റ്<br>നവംബർ | SRG<br>ഗണിത<br>അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പഠനയാത്രകൾ | ▪ പാഠ്യപദ്ധതി നിർദ്ദേശിച്ച അനുഭവങ്ങൾ ഉറപ്പാക്കുന്ന പഠനയാത്രകൾ | ജൂൺ<br>മാർച്ച് | SRG<br>ഗണിത<br>അധ്യാപകർ | |
| ഗണിത ക്ലിനിക്ക് | ▪ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അധ്യാപകരും ഗണിതത്തിൽ മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് മാർഗനിർദ്ദേശങ്ങൾ നൽകുന്നു | ജൂൺ<br>മാർച്ച് | ഗണിത<br>അധ്യാപകർ<br>ഗണിത ക്ലബ്ബ്<br>അംഗങ്ങൾ | |

## സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി - ജൈവവൈവിധ്യ പാർക്ക് ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ഔഷധസസ്യങ്ങൾക്ക് പേരുവെയ്ക്കൽ, ആഹാരം ആരോഗ്യത്തിന് എന്ന വിഷയവുമായി ബന്ധപ്പെടുത്തി ഫുഡ് ഫെസ്റ്റ് | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | പിടിഎ |
| | കണ്ടറിയാനൊരു യാത്ര<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം | ജൂലൈ | ശാസ്ത്രാധ്യാപകർ ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | രക്ഷിതാക്കൾ |
| | പരീക്ഷണക്കളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | |
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | മാസ്റ്റർ മൈന്റ്<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | |

| | | | | |
|---|---|---|---|---|
| | എക്സ്പ്ലോ-എക്സ്പ്ലോർ<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പിടിഎ<br>സയൻസ് ക്ലബ്ബ് |
| | മുഖാമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | യുറേക്കാ<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ യുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജന പ്പെടുത്തുക | വിസ്മയ യാത്ര, പഠനയാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.<br>പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## ENGLISH

| Aim | Activities | Month | Amount | Responsible Person |
|---|---|---|---|---|
| English Enrichment Programme | ▪ English Assembly<br>▪ English FM<br>▪ Making of Reading Cards<br>▪ Language Games and Puzzles<br>▪ English Cartoons and Videos<br>▪ English Theatre Camp | Once in a Month<br><br><br>Feb - March | 1000<br><br>1000<br><br>1000 | SRG<br>English Club |
| To Enjoy English Learning | ▪ Learning english through ICT<br>▪ Model Class / Motivational Class by a resource person<br>▪ Debate / Speech Programme<br>▪ Dictionary Programme | June - March<br>Jan - March<br><br>On Special days<br>June - March | 1000<br>6000<br><br><br>1000 | SRG<br>English Club |

# ഹിന്ദി

| പ്രവർത്തന വിശദാംശം | പ്രതീക്ഷിത ചെലവ് | കാലയളവ് | ചുമതല |
|---|---|---|---|
| ഹിന്ദി ലൈബ്രറി മെച്ചപ്പെടുത്തൽ<br>വായനാ കാർഡ് നിർമ്മാണം<br>വർക്ക്ഷീറ്റ് നിർമ്മാണം | 3000<br>2000<br>2000 | ജൂൺ<br>ഫെബ്രുവരി | HM, SRG<br>ഹിന്ദി<br>അധ്യാപകർ |

**ഹിന്ദി വായന**

ലക്ഷ്യം: യുപി തലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വായിക്കാൻ സാധിക്കണം.

**പ്രവർത്തനം**

- വായനാകാർഡ് തയ്യാറാക്കൽ - ഇവയിൽ പഴങ്ങൾ, പച്ചക്കറികൾ, പക്ഷിമൃഗാദികൾ, വൃക്ഷങ്ങൾ എന്നിവയുടെ പേരും ചിത്രങ്ങളും
- ഹിന്ദി ബാലഗീതങ്ങൾ ശേഖരിച്ച് വായനക്കായി തയ്യാറാക്കൽ
- ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ - വർണ്ണചിത്രങ്ങളും അക്ഷരങ്ങളോടു കൂടിയ ഹിന്ദി കഥാ ബുക്കുകൾ, ചിത്രകഥകൾ, ബാലമാസികകൾ ലഭ്യമാക്കും.

**ഹിന്ദി എഴുത്ത്**

- കോപ്പി ബുക്ക് - ഹിന്ദി അക്ഷരങ്ങൾ എഴുതുന്നതിനോടൊപ്പം പാഠപുസ്തകങ്ങളിൽ നിന്നുള്ള ഭാഗം, ബാലഗീതം എന്നിവയ്ക്കും കോപ്പി ബുക്ക് ഉപയോഗിക്കാം.
- പ്രദർശന സാമഗ്രികൾ - ചാർട്ട്, A4 പേപ്പറിൽ തയ്യാറാക്കുന്ന രചനകൾ ക്ലാസിൽ പ്രദർശിപ്പിക്കാം.

**ഹിന്ദി അസംബ്ലി**

ആഴ്ചയിൽ ഒരു ദിവസം ഹിന്ദി അസംബ്ലി നടത്തും. നിശ്ചിത ക്ലാസുകൾക്ക് ചുമതല നൽകാം. പ്രാർത്ഥന, പ്രതിജ്ഞ, വാർത്ത തുടങ്ങിയവ എല്ലാം ഹിന്ദി ഭാഷയിലായിരിക്കും.

**ദിനാചരണങ്ങൾ**

ഓരോ ദിനവുമായി ബന്ധപ്പെട്ട ആചരണങ്ങളിൽ ഹിന്ദി പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കാൻ നിർദ്ദേശിക്കും. ഓരോ ദിനാചരണങ്ങളിലും ഹിന്ദിയുടെ സാന്നിധ്യം ഉറപ്പ് വരുത്തും.

**ഹിന്ദി ക്ലബ്ബ്**

ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വിദ്യാർത്ഥി കൂട്ടായ്മയായി ഹിന്ദി ക്ലബ്ബ് രൂപീകരിക്കും. പ്രസിഡണ്ട്, സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ എന്നിങ്ങനെ. കുട്ടികളെ ചുമതല ഏൽപിക്കും. ക്ലബ്ബിന്റെ ഭാഗമായി ക്യാമ്പ്, ഭാഷാപഠന ക്യാമ്പ്.

ഹിന്ദി ഫെസ്റ്റ്

ഹിന്ദി ദിനത്തോടനുബന്ധിച്ച് വിദ്യാലയത്തിൽ ഹിന്ദി ഫെസ്റ്റ് ആഘോഷിക്കും. എല്ലാ കുട്ടികളുടെയും സാന്നിധ്യം ഉറപ്പ് വരുത്തും.

**സാങ്കേതിക വിദ്യ**

പഠനത്തിന് സഹായകരമായി ലഭിക്കുന്ന തരത്തിലുള്ള വിവരസാങ്കേതിക വിദ്യ ഉപയോഗിക്കും.

**ഹിന്ദി കോർണർ**

അക്ഷരങ്ങൾ, സംയുക്താക്ഷർ, വാക്യരചനാ രീതി എന്നിവ മനസ്സിലാക്കാനും ഭാഷയെ അധികം പരിചയപ്പെടാനുമായി ഹിന്ദി കോർണർ സജ്ജീകരിക്കും.

**ഹിന്ദി ആസ്വാദനം**

സ്കൂളിലെ ഓരോ പരിപാടിയിലും മുഴുവൻ വിദ്യാർത്ഥി - രക്ഷാകർതൃ - അധ്യാപക സന്നിധിയിൽ ഹിന്ദി ആസ്വാദനത്തിനായി കുട്ടികളെ സജ്ജരാക്കി പരിപാടി അവതരിപ്പിക്കും.

# അറബിക്

**ആമുഖം**

അന്തർദേശീയ രംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോകഭാഷകളിൽ മൂന്നാം സ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി. നമ്മുടെ മാതൃ രാജ്യത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുള്ള വൈദേശിക ഭാഷകളിൽ ശ്രദ്ധേയമായ ഭാഷ. അറബിഭാഷയിലെ ചില പ്രയോഗങ്ങളും വാക്കുകളും നമ്മുടെ നിത്യജീവിതത്തിൽ ഇടം നേടിയിട്ടുള്ളതിൽ നിന്ന് തന്നെ ഇക്കാര്യം വ്യക്തം.

പ്രാചീന സെമിറ്റിക് ഭാഷാകുടുംബത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഏക ഭാഷ അറബിയാണ്. സമ്പന്നമായ കലാസാഹിത്യ പാരമ്പര്യങ്ങളാലും ഈ ഭാഷ അനുഗ്രഹീതമാണ്. മുസ്തഫാ ലുത്വഫീ മൻഫലൂതി (1876-1924)യുടെ കഥകളും, അഹ്മദ് ശൗഖി (1869-1932) യുടെ കവിതകളും മുഹമ്മദ് ഹുസൈൻ ഹൈക്കലി (1888-1956)ൻറെ നോവലുകളും തൗഫീഖുൽ ഹക്കീമി(1898-1987)ന്റെ നാടകങ്ങളും അറബി ഭാഷയെ വിശ്വസാഹിത്യത്തിന്റെ ചക്രവാളത്തിലേക്കുയർത്തിയ രചനകളിൽ ചിലതുമാത്രം. നോബൽ പുരസ്കാര ജേതാവാണ് അറബി സാഹിത്യകാരനായ ഡോ. നജീബ് മഹ്ഫൂസ്. കുമാരനാശാന്റെ 'വീണപൂവ്' ശ്രീനാരായണഗുരുവിന്റെ 'ദൈവദശകം' തകഴിയുടെ 'ചെമ്മീൻ' ബെന്യാമിന്റെ 'ആടുജീവിതം' തുടങ്ങിയവ അറബിഭാഷയിലും നമുക്കിന്ന് ലഭ്യമാണ്.

നമ്മുടെ വിദ്യാലയങ്ങളിൽ, മറ്റു വിഷയങ്ങൾക്കൊപ്പം ഇഴചേർന്നു അറബി ഭാഷാ അധ്യയനവും മുന്നോട്ടു പോകുന്നുവെന്നത് വളരെ അഭിമാനകരവും അഭിനന്ദനീയവുമായ വസ്തുതയത്രെ. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാർഥി ശാക്തീകരണത്തിന്റെയും പ്രഥമപടിയായ അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമാണത്തിൽ ഏറെ പ്രധാനപ്പെട്ട ഒരിനമാണ് ഭാഷാപഠനം. ഭാഷാ അധ്യയന മേഖലയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ് ഭാഷ സ്വായത്തമാക്കുവാനുള്ള വ്യത്യസ്ത വഴികൾ ഉണ്ടാക്കുക എന്നത്. ഭാഷാ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അതിന് പ്രതിവിധി ആരായുകയും ചെയ്യുക എന്നതും ഇതോടൊപ്പം ഉണ്ടാവേണ്ടതാണ്. അറബി ഭാഷാ പഠനത്തിൽ പഠിതാക്കൾക്ക് കൂടുതൽ പ്രയാസം സൃഷ്ടിക്കുന്നത് അക്ഷരങ്ങളുടെ രൂപവിന്യാസത്തിൽ ഉണ്ടാവുന്ന മാറ്റങ്ങളാണ്. അക്ഷരങ്ങൾ ഒരു വാക്കിന്റെ ആദ്യത്തിലും നടുവിലും അവസാനത്തിലും വരുമ്പോൾ വ്യത്യസ്ത രൂപങ്ങളിലാണ് എഴുതപ്പെടുന്നത്. അറബി ഭാഷാ പഠനത്തിൽ ഉളവാകുന്ന ചില പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവിധികളും മുന്നിൽ വെച്ച് തയ്യാറാക്കിയതാണ് ഇവിടെ ചേർക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേ പോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോവും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. രൂപപ്പെടുത്തുകയും ചെയ്യുക | കൈത്താങ്ങ്<br>ടെസ്റ്റ് നടത്തി ഭാഷപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു അക്ഷരങ്ങൾ തിരിച്ചറി യാൻ പ്രയാസം അനുഭവിക്കുന്നവർക്കു പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, ഫ്ലാഷ് കാർഡുകൾ, നിറം നൽകാൻ പോലുള്ള പ്രവർത്തന ങ്ങൾ ചെയ്യിപ്പിക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ | മൂന്ന് മാസം | പുസ്തകങ്ങൾ<br>കാർഡുകൾ |
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക<br><br>പദസമ്പത്ത് അധികരിപ്പിക്കുക | പുതിയ പദം പരിചയപ്പെടൽ<br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ കഥാ കവിതാ പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ, കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. ലഘു സംഭാഷണങ്ങൾ, പാഠഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം, കൂടുതൽ പ്രവർത്തന ങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു. സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം | ജൂൺ<br>മാർച്ച് | പുസ്തകങ്ങൾ<br>കാർഡുകൾ<br>സിഡികൾ |

| | | | |
|---|---|---|---|
| കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക | ചിത്രങ്ങൾ, ലഘു കവിതകൾ, കഥകൾ, സംഭാഷണം, പദപ്രശ്നം, കുറിപ്പുകൾ, വിവരണം എന്നിവ ഉൾകൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു | ജൂൺ<br>മാർച്ച് | പുസ്തകങ്ങൾ<br>ചാർട്ടുകൾ |
| ഓരോ മാസവും കുട്ടികൾ വായനാ തൽപരരാവുകയും ഭാഷാശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാ മത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പീരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു | ജൂൺ<br>മാർച്ച് | ചാർട്ടുകൾ<br>പുസ്തകങ്ങൾ |
| അറബി ഭാഷാ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തുക | യൂണിറ്റ് തല നിഘണ്ടു നിർമ്മാണം<br>ഓരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥസഹിതം എഴുതുകയും അവസാനം പ്രിന്റ് / പിഡിഎഫ് ചെയ്ത് കുട്ടികൾക്ക് നൽകുന്നു. | 6 മാസം | |
| കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനുമായി | സ്കൂൾ റേഡിയോ<br>കഥ, പ്രസംഗം, ഗാനം, വാർത്തകൾ അവതരിപ്പിക്കുന്നു | | |

| സംസ്കൃതം | | | | | |
|---|---|---|---|---|---|
| നമ്പർ | പദ്ധതി | പ്രവർത്തന വിശദാംശം | പ്രതീക്ഷിത ചെലവ് | കാലയളവ് | ചുമതല |
| 1. | അക്ഷരജ്ഞാനം | ▪ അക്ഷരക്കളരി<br>▪ വർണമാലാ പുസ്തക നിർമ്മാണം | 50 | ജൂൺ<br>മാസം മുഴുവൻ | 5-ാം ക്ലാസിലെ<br>കുട്ടികൾ<br>സംസ്കൃതാധ്യാപിക |
| 2. | വായന | ▪ നിഘണ്ടു നിർമ്മാണം<br>▪ വായനാ കാർഡ് നിർമ്മാണം<br><br>▪ ലഘുപദങ്ങളിൽ തുടങ്ങി ആശയം ഉൾക്കൊണ്ട് വായന | | ജൂൺ മുതൽ<br>സംസ്കൃത ദിനം വരെ<br><br>ജുലൈ മുതൽ<br>തുടർപക്രിയ | 6, 7 ക്ലാസ്<br>സംസ്കൃതാധ്യാപിക |
| 3. | എഴുത്ത് | ▪ രചനാ ശിൽപശാല | 1000 | ഒക്ടോബർ | സംസ്കൃതാധ്യാപിക |
| 4. | സംഭാഷണം | ▪ ചെറിയ സംഭാഷണങ്ങൾ അവതരിപ്പിക്കുന്നു | | തുടർപ്രക്രിയ | സംസ്കൃതാധ്യാപിക |

| ആരോഗ്യ കായിക വിദ്യാഭ്യാസം | പ്രവർത്തനം - 1 | സമ്പൂർണ്ണ കായികക്ഷമത | | | | |
|---|---|---|---|---|---|---|
| | ലക്ഷ്യങ്ങൾ | • വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും കായികക്ഷമത ഉറപ്പാക്കുന്നു<br>• കായികക്ഷമതയിലൂടെ ശാരീരിക വളർച്ചയും മാനസിക വികാസവും നേടുന്നു | | | | |
| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘടന ചുമതല | പിന്തുണ | സാമ്പത്തികം |
| സമ്പൂർണ്ണ കായികക്ഷമത | കായികക്ഷമതയെ സംബന്ധിച്ചും കായികക്ഷമത കൈവരിക്കുന്നതിനുള്ള രീതി ശാസ്ത്രങ്ങളെ സംബന്ധിച്ചുള്ള ധാരണ | ജൂൺ ഡിസംബർ | സ്പോർട്സ് ഉപകരണങ്ങൾ | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | SRG | 1000 |
| പാഠപുസ്തക വിതരണം | കായികക്ഷമതയും പൂർണാരോഗ്യവും എന്ന വിഷയത്തെ കുറിച്ച് കുട്ടികളിൽ ധാരണ ഉണ്ടാക്കൽ | ജൂൺ ഫെബ്രുവരി | ആക്ടിവിറ്റി ടെക്സ്റ്റ് | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | SRG | |
| പ്രാക്ടിക്കൽ ക്ലാസ് | കുട്ടികളിൽ കായികക്ഷമത വർധിപ്പിക്കു ന്നതിനു വേണ്ടി ആഴ്ചയിൽ രണ്ട് ദിവസം പ്രാക്ടിക്കൽ ക്ലാസ് നൽകുന്നതാണ് | ജൂൺ ഫെബ്രുവരി | സ്പോർട്സ് ഉപകരണങ്ങൾ | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | SRG | 1000 |
| യോഗ പരിശീലനം | ശാരിരീകവും മാനസികവുമായ ഉന്മേഷം ലഭിക്കുന്നു മാനസിക സംഘർഷം, പിരിമുറുക്കം എന്നിവ ലഘൂകരിക്കുന്നു. | ജൂൺ ഫെബ്രുവരി | യോഗ മാറ്റ് | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | SRG | 10000 |
| എയ്റോബിക്സ് എക്സർസൈസ് (ഡാൻസ്) | ആത്മവിശ്വാസത്തിനും ആരോഗ്യത്തിനും വടിവൊത്ത ശരീരത്തിനും വേണ്ടി ചെയ്യുന്നു. ഹൃദയശ്വസനക്ഷമതയെ വർദ്ധിപ്പിക്കുന്നു (മിതമായ തീവ്രതയോടു കൂടിയ കായിക പ്രവർത്തനങ്ങൾ കുറേസമയം തളർച്ച കൂടാതെ ചെയ്യാൻ കഴിയുന്ന ഒരു വ്യക്തിയുടെ കഴിവാണ് ഹൃദയ ശ്വസനക്ഷമത) | ജൂൺ ഡിസംബർ | Whistle<br>Speaker<br>Music | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | SRG | 10000 |

| IEDC (Inclusive Education for Disabled Children) | | | | | |
|---|---|---|---|---|---|
| നമ്പർ | പദ്ധതി | പ്രവർത്തന വിശദാംശം | പ്രതീക്ഷിത ചെലവ് | കാലയളവ് | ചുമതല |
| 1. | IEDC സർവ്വേ PRASHAST APP വഴി കുട്ടികളെ സ്ക്രീൻ ചെയ്യുന്നു. | 1 മുതൽ 7-ാം ക്ലാസ് വരെയും പ്രീ-പ്രൈമറി വിഭാഗത്തിലെയും ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തുന്നതിനുള്ള പ്രാഥമിക സ്ക്രീനിംഗ് (21 ഭിന്നശേഷി വിഭാഗങ്ങളാണുള്ളത്). സ്പെഷ്യൽ എഡ്യുക്കേറ്റർ, ക്ലാസ് അധ്യാപകൻ, IEDCയുടെ ചുമതലയുള്ള സ്കൂളിലെ അധ്യാപിക, രക്ഷിതാക്കൾ ഇവരുടെ കൂട്ടായ ഇടപെടലിലൂടെയാണ് കുട്ടികളെ തിരിച്ചറിയുന്നത്. | | ജൂൺ 1 മുതൽ 9 വരെ | HM, Special Educator, IEDC Convenor |
| 2. | കുട്ടിയെ കുറിച്ചുള്ള സമഗ്ര വിവരശേഖരണം - അക്കാദമികം, വ്യക്തിഗത കഴിവുകൾ, പരിമിതികൾ കണ്ടെത്തൽ | IEP തയ്യാറാക്കുന്നു<br>സർവ്വെയിലൂടെ കണ്ടെത്തിയ പഠന വൈകല്യം, ബുദ്ധിപരമായ പരിമിതി, ചലന പരിമിതി, സംസാര പരിമിതി കുട്ടികളെ സ്പെഷ്യൽ എഡ്യുക്കേറ്റർ അസസ്മെന്റിന് വിധേയമാക്കുന്നു. എഴുത്ത്, വായന, ഗണിതശേഷികൾ എത്രമാത്രം ആർജിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കി രേഖപ്പെടുത്തുന്നു. Individual Education Plan തയ്യാറാക്കുന്നു | | ജൂൺ 10 മുതൽ 30 വരെ | HM, Special Educator, Class Teacher, Parents |
| 3. | സഹായോപകരണങ്ങൾ ഉറപ്പാക്കൽ, മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ (കണ്ണട, ശ്രവണസഹായി, ചലന സഹായികൾ) | കാഴ്ചപരിമിതി, കേൾവി-സംസാര പരിമിതി, ബുദ്ധി പരിമിതി, ചലന പരിമിതി എന്നീ വിഭാഗങ്ങളിൽപെട്ട കുട്ടികൾക്ക് പഠനം സുഗമമായി നടക്കുന്നതിനും വിദ്യാലയത്തിലും ക്ലാസ്മുറിയിലും ശരിയായ രീതിയിൽ പ്രവർത്തിക്കുന്നതിനും അനുയോജ്യമായ സഹായോപകരണങ്ങളും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുക | BRC, SSK മുഖേന | ജൂൺ 24 മുതൽ ജൂലൈ വരെ | HM, Special Educator, Class Teacher |

| | | | | | |
|---|---|---|---|---|---|
| 4. | സ്പെഷ്യൽ കെയർ സെന്റർ പ്രവർത്തനങ്ങളിലൂടെ വ്യക്തിഗത വിദ്യാഭ്യാസം ഉറപ്പാക്കൽ | പഠനവൈകല്യം, ബുദ്ധിപരിമിതി എന്നിവ നേരിടുന്ന കുട്ടികൾക്ക് എല്ലാ തിങ്കൾ, ചൊവ്വ, ശനി ദിവസങ്ങ ളിലും പ്രത്യേക ക്ലാസുകൾ നടത്തുന്നു. (സ്പെഷ്യൽ എഡ്യൂക്കേറ്റർ വിദ്യാലയത്തിലുള്ള ദിവസങ്ങളിൽ) ഭാഷ, ഗണിതം, പാഠഭാഗ അനുരൂപീകരണം, ADL | | ജൂൺ മുതൽ മാർച്ച് വരെ | HM, Special Educator |
| 5. | സ്കൂൾ, ക്ലാസ് തല പ്രവർത്തനങ്ങളിൽ ഭിന്നശേഷി കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ | പ്രവേശനോത്സവം മുതൽ ആരംഭിക്കുന്ന എല്ലാ ദിനാചരണങ്ങളിലും കലാ-കായിക പ്രവൃത്തി പരിചയമേളകളിലും വിദ്യാലയത്തിലെ മുഴുവൻ ഭിന്നശേഷി കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു. ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ | 1000 | ജൂൺ മാർച്ച് | HM, SRG |
| 6. | പഠന വിനോദയാത്ര | പൊതുസ്ഥാപനങ്ങൾ, പാർക്കുകൾ, കൃഷിത്തോട്ടങ്ങൾ, നഴ്സറികൾ ഇവയിൽ ഏതെങ്കിലും സ്ഥലങ്ങളിലേക്ക് കുട്ടികളും രക്ഷിതാക്കളും അധ്യാപകരും ചേർന്ന് യാത്ര പോവുന്നു. കണ്ടും കേട്ടും അനുഭവങ്ങളിലൂടെയുമുള്ള പഠനം കുട്ടികൾക്ക് കൂടുതൽ പ്രയോജനകരമാണ്. | ഒരു കുട്ടിക്ക് 300 | ജനുവരി | HM, SRG |
| 7. | ക്ലാസ്റൂം പ്രവർത്തനങ്ങളുടെ അനുരൂപീകരണം, പഠനപ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തവും അക്കാദമിക മുന്നേറ്റവും ഉറപ്പാക്കൽ | ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സഹായത്തോടെ ഭിന്നശേഷി കുട്ടികൾക്ക് പഠന പിന്തുണ ഉറപ്പാക്കാൻ ഓരോ ടേമിലും കുട്ടി നേടേണ്ട ശേഷികൾ കണ്ടെത്തി ആവശ്യമായ അനുരൂപീകരണം സാധ്യതകളും പഠനോപകരണങ്ങളും തയ്യാറാക്കുന്നു | | അക്കാദമിക വർഷം മുഴുവനും | SRG |

| നമ്പർ | പദ്ധതി | പ്രവർത്തന വിശദാംശം | പ്രതീക്ഷിത ചെലവ് | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 8. | രക്ഷാകർതൃ പരിശീലനം | Individual Education Plan, Family Support Plan, എന്നിവയെ ക്കുറിച്ചും രക്ഷിതാക്കൾക്ക് പരിശീലനം നൽകുന്നു. സ്പെഷ്യൽ എഡ്യൂക്കേറ്റർ, വിദഗ്ധർ എന്നിവരുടെ സേവനം ഉറപ്പാക്കുക. | 1000 | ആഗസ്റ്റ് | SRG |
| 9. | കിടപ്പിലായ കുട്ടികളുടെ വീടുകളിൽ സന്ദർശനം. ചങ്ങാതിക്കൂട്ടം ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം | കിടപ്പിലായ കുട്ടികളുടെ വീടുകൾ ക്ലാസ് അധ്യാപ കർ, ചങ്ങാതിക്കൂട്ടം, SE എന്നിവരുടെ നേതൃത്വ ത്തിൽ സന്ദർശിക്കുകയും കുട്ടികളുടെ മാനസികോല്ലാസവും അക്കാദമിക സഹായവും നൽകുക. പഠനോപകരണങ്ങൾ നൽകൽ. കിടപ്പിലായ എഡ്യൂക്കബിൾ വിഭാഗത്തിലെ കുട്ടിക്ക് (ഹരിനന്ദൻ) 5E ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നൽകുക | 1000 | 3 മാസത്തി ലൊരിക്കൽ | SRG<br>Special Educator |

| കലാ - പ്രവൃത്തി പരിചയം | | | | | |
|---|---|---|---|---|---|
| നമ്പർ | പദ്ധതി | പ്രവർത്തന വിശദാംശം | പ്രതീക്ഷിത ചെലവ് | കാലയളവ് | ചുമതല |
| 1. | ടാലന്റ് ലാബ് | ▪ വിദ്യാലയത്തിൽ ടാലന്റ് ലാബ് സജ്ജമാക്കൽ<br>▪ വിവിധ മേഖലയിൽ പ്രാവീണ്യമുള്ള റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തി ലഭ്യമാക്കൽ<br>▪ വിവിധ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി ടാലന്റ് ലാബിലൂടെ പരിശീലനം നൽകൽ | 20000 | ജൂൺ ഫെബ്രുവരി | SRG |
| 2. | ഏൺ ലേൺ യൂണിറ്റുകൾ | ▪ ഏൺ ലേൺ യൂണിറ്റുകൾ ആരംഭിക്കൽ, നിലവിലുള്ളവ പ്രവർത്തന ക്ഷമമാക്കൽ (ടൈലറിംഗ്)<br>▪ അമ്മമാർക്കുള്ള പരിശീലനം<br>▪ കുട്ടികൾക്കുള്ള പരിശീലനം | 5000 | ജൂൺ മാർച്ച് | SRG |

# പ്രീ പ്രൈമറി വിഭാഗം

| നമ്പർ | പദ്ധതി | പ്രവർത്തന വിശദാംശം | പ്രതീക്ഷിത ചെലവ് | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1. | കളിപ്പാട്ടം - പ്രവർത്തന പുസ്തകം തയ്യാറാക്കൽ | ▪ കളിപ്പാട്ടം പ്രവർത്തന പുസ്തകം ആശയരൂപീകരണ ശിൽപശാല<br>▪ വർക്ക് ബുക്ക് നിർമ്മാണ ശിൽപശാല<br>▪ ചിത്രീകരണം - ലേഔട്ട്<br>▪ പുസ്തകം പ്രിന്റിംഗ് | 1000<br>5000<br>7000<br>6000 | ഏപ്രിൽ<br>മെയ് | SRG |
| 2. | കളിപ്പാട്ടം - പഠന ഉപകരണ കിറ്റുകൾ | ▪ കളിപ്പാട്ടം പ്രവർത്തനത്തിനായി തീമനുസരിച്ച് പഠന കളിയുപകരണങ്ങൾ നിർമ്മിക്കൽ<br>▪ ശിൽപശാല<br>▪ കഥോത്സവം, പാട്ടുത്സവം, വരയുത്സവം<br>▪ സാമഗ്രികൾ വാങ്ങാൻ റിസോഴ്സ് പേഴ്സൺ | 2000<br>5000<br><br>1000 | ജൂൺ<br>ആഗസ്റ്റ് | SRG<br>രക്ഷിതാക്കൾ |
| 3. | കുട്ടിക്കൂട്ടം - പ്രീ പ്രൈമറി ക്യാമ്പ് | ▪ മൊഡ്യൂൾ നിർമ്മാണം<br>▪ ഡോക്യുമന്റേഷൻ | 1000<br>1000 | ജനുവരി | SRG |
| 4. | ശലഭോത്സവം - അക്കാദമിക ഫെസ്റ്റ് | ▪ പ്രീ പ്രൈമറി മികവുത്സവം | 1000 | ഫെബ്രുവരി<br>മാർച്ച് | SRG |
| 5. | അമ്മ ടീച്ചർ പദ്ധതി (അമ്മയാണ് നല്ല അധ്യാപിക) | ▪ അമ്മമാർക്കുള്ള ബേസിക്ക് പരിശീലനം<br>▪ തുടർ പരിശീലനങ്ങൾ<br>▪ ശിൽപശാലകൾ | 1000 | ജൂൺ | SRG |

# മ്യൂസിക്

**ആമുഖം**

5, 6, 7 ക്ലാസുകളിലുള്ള കുട്ടികൾക്ക് കലയിൽ കൂടുതൽ അഭിരുചി ഉള്ളവർ ഉണ്ടെങ്കിലും ഒരു ക്ലാസ്സിലുള്ള എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി വരകളും, പാട്ടുകളും തയ്യാറാക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു.

ലക്ഷ്യം:

എല്ലാ വിഷയങ്ങൾ പഠിക്കുന്നതിന്റെ ഇടയിൽ കുട്ടികളുടെ മനസ്സിനെ കൂടുതൽ സന്തോഷിപ്പിക്കുന്നതിനും, സുഖപ്രദമാക്കുന്നതിനും കലാപഠനം വലിയ ഒരു പങ്ക് വഹിക്കുന്നു. അതിനുവേണ്ടി കുട്ടികളെ നല്ല നല്ല കവിതകൾ ഈണം നൽകിയും, ചെറിയ ഗാനങ്ങൾ, നാടൻപാട്ടുകൾ എന്നിവ പഠിപ്പിക്കുന്നു.

- മലയാള പുസ്തകത്തിലെ കവിതകൾ ഈണം നൽകി കുട്ടികളെ പഠിപ്പിക്കുന്നു.
- പാട്ട് പാടുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത് എന്ന് മനസ്സിലാക്കുന്നു.
- ശ്രുതിയും, താളവും ആണ് പാട്ട് പാടുമ്പോൾ ശ്രദ്ധിക്കേണ്ട ഏറ്റവും വലിയ ഘടകം. അച്ഛനും അമ്മയും നമ്മളുടെ ജീവിതത്തിൽ എത്രമാത്രം പ്രധാനപ്പെട്ടതാണോ അതുപോലെയാണ് സംഗീതത്തിൽ ശ്രുതിയും താളവും. ശ്രുതി അമ്മയാണെങ്കിൽ താളം അച്ഛനാണ്.

  അതായത് പാട്ട് പാടുമ്പോൾ ശ്രുതിയും താളവും ചേർത്ത് കൃത്യമായി തന്നെ പാടണം.
- ദേശീയ ഗാനം ആലപിക്കുന്നത് കൃത്യമായ വരികൾ കുട്ടികളെ മനസ്സിലാക്കുകയും അത് മറാഠി ഭാഷയിൽ, രവീന്ദ്രനാഥ ടാഗോർ രചിച്ചതാണ് എന്നും, പാടുന്നതിനുള്ള സമയം 52 സെക്കന്റ് ആണെന്നും കുട്ടികളെ മനസ്സിലാക്കി കൊടുക്കുന്നു.
- താരാട്ടുപാട്ടുകൾ, നാടൻപാട്ടുകൾ, സിനിമാഗാനങ്ങൾ, മാപ്പിളപ്പാട്ടുകൾ പഠിപ്പിക്കുന്നു.
- ശ്രുതി ചേർത്ത് പാടുന്നതിന് ഒരു സംഗീത ഉപകരണം ഉപയോഗിക്കുന്നു. ശ്രുതിബോക്സ്. അത് എന്താണ് എന്നുള്ളത് കുട്ടികളെ മനസ്സിലാക്കുന്നു.
- സംഗീത ഉപകരണങ്ങൾ നേരിട്ട് കാണിക്കാൻ പറ്റുന്നവ കാണിച്ച് കൊടുക്കുകയും അലലാത്തവ ചിത്രങ്ങൾ കാണിച്ച് കുട്ടികളെ പരിചയപ്പെടുത്തുന്നു.
- കരോക്കെ ഗാനം എങ്ങനെ പാടാം എന്ന് കുട്ടികളെ മനസ്സിലാക്കി കൊടുക്കുന്നു.